# ദിദിമോസ്

കോട്ടപ്പുറം രൂപത ബുള്ളറ്റിൻ ഡിസംബർ 2024



Merry Christmas

- ഈശോയുടെ ജനനം സമഗ്രമായ സ്വാതന്ത്ര്യത്തിന്
- അപ്പോഴും വെളിച്ചമുണ്ടായിരുന്നു
- വി. ഫ്രാൻസിസ് സേവ്യർ– കോട്ടപ്പുറത്തിനു സ്വന്തം

# സെന്റ് ജോർജ്ജ് ചർച്ച്

## മടപ്ലാതുരുത്ത്




ദൈവദാസൻ
തിയോഫിലസ്
പാണ്ടിപ്പിള്ളിയച്ചന്റെ

# 77-ാം അനുസ്മരണ തിരുനാൾ

**2024 ഡിസംബർ 26 ചൊവ്വ**

രാവിലെ 10.00 ന്
**ദിവ്യബലി**



അഭിവന്ദ്യ അംബ്രോസ്
പുത്തൻവീട്ടിൽ പിതാവ്

ഉച്ചയ്ക്ക് 12.00 ന്
**ഊട്ടുസദ്യ വെഞ്ചിരിപ്പ്**

**ഏവർക്കും സ്വാഗതം**

മുഖമൊഴി



# "ക്രിസ്തുമസ്"

## സ്വർഗം പകുത്തു നൽകിയ അനുഗ്രഹത്തിന്റെ ഓർമ്മ




**ഫാ. ജോജോ പയ്യപ്പിള്ളി**
ചീഫ് എഡിറ്റർ


ക്രിസ്തുമസ് : **സ്വർഗ്ഗത്തിന്റെ സൗഭാഗ്യത്തെ ദൈവം ഭൂമിക്ക് പകുത്തു നൽകിയ ദിവസത്തിന്റെ ഓർമ്മയാണ്.** 'ദാവീദിന്റെ ഭവനത്തിൽ നിന്ന് നീതിമാനായ ഒരു മുളയെ ഞാൻ കിളിർപ്പിക്കും'( ജറെമിയ 33:15) ഈ വാഗ്ദാനത്തിന്റെ പൂർണ്ണതയായി ദൈവം മനുഷ്യർക്ക് നൽകിയ സമ്മാനമാണ് ക്രിസ്തു.

'നദി ഒഴുകുന്നിടത്തെല്ലാം ജീവൻ നിറഞ്ഞു നിൽക്കും' (എസക്കിയേൽ 47:9) എന്ന പ്രവാചക വചനങ്ങൾക്കനുസൃതമായി **വരണ്ടുണങ്ങിയ മനുഷ്യ മനസ്സുകളെ സ്നേഹ സമൃദ്ധിയുടെ നീർച്ചാലൊഴുക്കി പച്ചപ്പണിയിക്കുവാൻ ദൈവം ഭൂമിയിലേക്ക് സ്നേഹമായി ഒഴുകിയിറങ്ങി.**

സാമാന്യം വലിപ്പവും ഭാരവും ഉള്ള ഒരു കളിമൺ പ്രതിമയും തോളിൽ വച്ചുകൊണ്ട് ഒരു മനുഷ്യൻ വീടുകൾ തോറും കയറി ഇറങ്ങുന്നു. പ്രതിമ വിലക്കെടുക്കുവാൻ കെൽപ്പുണ്ടെന്ന് തോന്നിക്കുന്നവരുടെ വീടുകളാണ് ലക്ഷ്യം. എന്നാൽ അവരാരും ആ പ്രതിമയേയോ, ആ മനുഷ്യനെയോ ഗൗനിക്കുന്നേയില്ല. മേലാകെ നൊമ്പരപ്പെട്ട്, അതിലേറെ മുറിയപ്പെട്ട മനസ്സുമായി ആ മനുഷ്യൻ തിരികെ നടക്കുന്നു. വഴിയരികിൽ കണ്ട ഒരു കുടിലിന്റെ മുറ്റത്തേക്കിറങ്ങി, ദാഹശമനത്തിനായ് ഒരു പാത്രം വെള്ളം പ്രതിമ വിൽപ്പനക്കാരൻ ആവശ്യപ്പെടുന്നു. ആ വീട്ടിലെ സ്ത്രീ കൊടുത്ത വെള്ളം അവൻ ആർത്തിയോടെ മോന്തിക്കുടിച്ചു. അവന്റെ കഷ്ടപ്പാടുകൾ അറിഞ്ഞപ്പോൾ, അവിടുത്തെ സ്ത്രീ, കൈയ്യിലുണ്ടായിരുന്ന ചില നാണയത്തുട്ടുകൾ അവന് നൽകിയിട്ട് ആ പ്രതിമ വാങ്ങിച്ചു. സന്തോഷത്തോടുകൂടി പ്രതിമ വിൽപ്പനക്കാരൻ നന്ദി



പറഞ്ഞിറങ്ങുന്നു. അത്യാവശ്യകാര്യങ്ങൾ പോലും നിർവ്വഹിക്കുവാൻ സൗകര്യമില്ലാത്ത ആ കുടിലിൽ, പ്രതിമ എവിടെ പ്രതിഷ്ഠിക്കും? പ്രതിഷ്ഠിക്കുവാനല്ല അവൾ ആ പ്രതിമ വാങ്ങിയത്. പ്രതിമ അവളെ ആകർഷിച്ചില്ല, എന്നാൽ പ്രതിമ വിൽപ്പനക്കാരന്റെ നൊമ്പരം അവളെ സ്പർശിച്ചു. പ്രതിമയെ അവൾ കുടിലിന്റെ ഒരു മൂലയിൽ കൊണ്ടിട്ടു.

വേനൽക്കാലം മാറി, മഴ ശക്തമായി. കുടിലിന്റെ പല ഭാഗത്തും വെള്ളം ഒലിച്ചിറങ്ങി. വെള്ളം സാരമായി ബാധിക്കാത്ത ഒരിടത്ത് അവൾ ചുരുണ്ട് കൂടി കിടക്കുമായിരുന്നു. ഒരു ദിവസം അവൾ പ്രഭാതത്തിൽ മിഴികൾ തുറന്നപ്പോൾ കണ്ടത് വീട് മുഴുവൻ പ്രകാശം പരന്നിരിക്കുന്നതായിട്ടാണ്. മഴവെള്ളം വീണു കുതിർന്ന പ്രതിമയിൽ നിന്നും കളിമൺ ഒലിച്ചുപോയി. കളിമണ്ണിനുള്ളിൽ ഒരു സ്വർണ്ണപ്രതിമ ആയിരുന്നുവെന്ന് സ്ത്രീ തിരിച്ചറിഞ്ഞു. **കളിമണ്ണിനുള്ളിൽ സ്വർണ്ണമുണ്ടെന്നറിയാതെ, ആ പ്രതിമ വഹിച്ചെത്തിയ ശരീരത്തിനുള്ളിൽ വിശക്കുന്ന ഒരു മനുഷ്യനുണ്ടെന്നറിഞ്ഞ് മനസ്സലിഞ്ഞതാണ് അവളുടെ സൗഭാഗ്യത്തിന് നിദാനം.**

**ഈ മാനുഷീകമായ ആഘോഷങ്ങൾക്കൊക്കെ അപ്പുറത്ത് 'ക്രിസ്തുമസ്' നമുക്ക് പറഞ്ഞുതരുന്ന സ്വർണ്ണത്തിന്റെ തിളക്കമുള്ള സൗഭാഗ്യത്തിന്റെ ഒരു പാഠമുണ്ട്. അത് സ്വർഗ്ഗം നിന്നെ സ്നേഹിക്കുന്നുണ്ട് എന്നതാണ്.** അതുകൊണ്ടാണ് വിശുദ്ധർ നമ്മളെ പഠിപ്പിക്കുന്നത് 'ആയിരം പുൽക്കൂട്ടിൽ ഉണ്ണി പിറന്നാലും നിന്റെ ഹൃദയത്തിൽ ഉണ്ണി പിറന്നില്ലെങ്കിൽ അതുകൊണ്ട് എന്തു ഫലം?' എന്ന്.

ഉണ്ണീശോ ഹൃദയത്തിൽ പിറക്കുന്ന, ആഘോഷങ്ങളെക്കാൾ അപ്പുറത്ത് സ്വർഗ്ഗത്തിന്റെ കൃപകളെ സ്വീകരിക്കുന്ന ഒരു ക്രിസ്തുമസ് ആഘോഷിക്കാൻ നമുക്കാകട്ടെ എന്ന് സ്നേഹത്തോടെ ആശംസിക്കുന്നു.

***ക്രിസ്തുവിന്റെ ജനനതിരുനാളിന്റെ പ്രാർത്ഥനാശംസകൾ...***

# ദിദിമോസ്

കോട്ടപ്പുറം രൂപത ബുള്ളറ്റിൻ ഡിസംബർ 2024

**രക്ഷാധികാരി**

റൈറ്റ് റവ. ഡോ. അംബ്രോസ് പുത്തൻവീട്ടിൽ

**ചീഫ് എഡിറ്റർ**

ഫാ. ജോജോ പയ്യപ്പിള്ളി

**സബ് എഡിറ്റേഴ്സ്**

ഫാ. നിഖിൽ ജോർജ്ജ് മുട്ടിക്കൽ

ഫാ. സിന്റോ കുരിയപറമ്പിൽ

**അസോസിയേറ്റ് എഡിറ്റേഴ്സ്**

ഫാ. രൂപേഷ് മൈക്കിൾ കളത്തിൽ

ശ്രീ. ടൈറ്റസ് ഗോതുരുത്ത്

**മാനേജിംഗ് എഡിറ്റർ**

ഫാ. സിജോ വേലിക്കകത്തോട്ട്

**സർക്കുലേഷൻ മാനേജർ**

ഫാ. നിമേഷ് കാട്ടാശ്ശേരി

**പത്രാധിപ സമിതി**

ഫാ. ലിജോ മാത്യു താണിപ്പിള്ളി

ശ്രീ. സിപ്പി പള്ളിപ്പുറം

ശ്രീ. ജോയ് ഗോതുരുത്ത്

ശ്രീ. ജോസഫ് പനക്കൽ

**ഡി.ടി.പി.**

ശ്രീമതി നിഷ സോജൻ

എഡിറ്റർ, ദിദിമോസ്, വികാസ്,
കോട്ടപ്പുറം – 680 667
ഫോൺ : 8281420078
didimoskottapuram@gmail.com

## താളുകളിൽ

*പൈതൃകാമുഖം*
ഈശോയുടെ ജനനം സമഗ്രമായ സ്വാതന്ത്ര്യത്തിന് ..... 4

അപ്പോഴും വെളിച്ചമുണ്ടായിരുന്നു ...................... 6

വി. ഫ്രാൻസിസ് സേവ്യർ– കോട്ടപ്പുറത്തിനു സ്വന്തം .. 10

*വിശ്വാസത്തിന്റെ വഴിത്താര*
ഈശോയുടെ ജനനം .................................. 14

ശൗര്യാർ പുണ്യാളന്റെ സമ്പാളൂർ ....................... 16

*കറുപ്പ്*
പണി വരുന്ന വഴികൾ ................................. 18

*കവിത*
വി. ഫ്രാൻസിസ് സേവ്യർ ............................... 19

*കത്തോലിക്കസഭയെ അറിയാം, പഠിക്കാം*
കത്തോലിക്കാ സഭയും കരിസ്മാറ്റിക് നവീകരണവും . 20

*അയൽക്കൂട്ടം*
ക്രിസ്തുവാണ് എന്റെ പ്രത്യാശ ........................ 22

രൂപത വാർത്തകൾ .................................... 24

*പിൻമൊഴി*
പൊളിച്ചെഴുതണം വഖഫ് നിയമങ്ങൾ .................... 27

പിതാവിന്റെ ഡയറി –ഡിസംബർ 2024 ................. 28

# ഈശോയുടെ ജനനം സമഗ്രമായ സ്വാതന്ത്ര്യത്തിന്



**ബിഷപ്പ് ഡോ. അംബ്രോസ് പുത്തൻവീട്ടിൽ**
കോട്ടപ്പുറം രൂപതാമെത്രാൻ



**ആ**നന്ദത്തിന്റെയും ആഹ്ലാദത്തിന്റെയും പ്രതീക്ഷയുടെയും സമാധാനത്തിന്റെയും ഒരു തിരുനാൾ ആണ് ക്രിസ്മസ്. **പ്രപഞ്ചത്തിന്റെ സ്രഷ്ടാവായ ദൈവത്തിന്റെ പുത്രനായ ഈശോയുടെ ജനനമാണ് ക്രിസ്മസ്.** ദൈവപുത്രനായ ഈശോയുടെ ജന്മദിനം ആഘോഷിക്കുന്നത് ക്രൈസ്തവർ മാത്രമല്ല ലോകമെങ്ങുമുള്ള എല്ലാ ജനതയുമാണ്. യേശുവിന്റെ മരണശേഷം അപ്പോസ്തലന്മാരും ശിഷ്യഗണവും ആദ്യത്തെ മൂന്നു നൂറ്റാണ്ടുകളോളം മതമർദ്ദനത്തിന് ഇരയായി എന്നത് ചരിത്രസത്യമാണ്. **എഡി 312 ൽ കോൺസ്റ്റന്റൈൻ ചക്രവർത്തിയുടെ മാനസാന്തരത്തോടെയാണ് റോമൻ സാമ്രാജ്യം മുഴുവൻ ക്രൈസ്തവ മതം സ്വീകരിച്ചത്.** എ.ഡി 325 ലെ നൈസിയൻ കൗൺസിൽ ആണ് ക്രിസ്മസ് ക്രൈസ്തവരുടെ വലിയ തിരുനാളായും ഒഴിവുദിനമായും ആഘോഷിക്കാൻ തുടങ്ങിയത്. **അഞ്ചാം നൂറ്റാണ്ടിൽ പാതിരകുർബാന** (midnight mass) **യും 13-ാം നൂറ്റാണ്ടിൽ വിശുദ്ധ ഫ്രാൻസിസ് അസ്സീസിയുടെ നേതൃത്വത്തിൽ ആദ്യമായി ഉണ്ടാക്കിയ പുൽക്കൂട് ക്രിസ്മസിലെ ഭാഗമാവുകയും ചെയ്തു. എ.ഡി 12 നും 15 നും ഇടയ്ക്കാണ് ക്രിസ്മസ്**



അവന്റെ സംസാരം വെണ്ണയെക്കാൾ മൃദുലമായിരുന്നു, പക്ഷേ, അവന്റെ ഹൃദയത്തിലോ
പടയൊരുക്കം. അവന്റെ വാക്കുകൾ എണ്ണയെക്കാൾ മയമുള്ളവ,
എന്നാൽ, അവ ഉറയൂരിയ വാളുകൾ ആയിരുന്നു. (സങ്കീർത്തനം 55:21)



**കാരോൾ യൂറോപ്പിൽ എങ്ങും പ്രചുരപ്രചാരം നേടിയത്.** ചരിത്രവും പാരമ്പര്യവും ആചാരങ്ങളും ആധുനികവൽക്കരിക്കപ്പെട്ടപ്പോൾ ക്രിസ്മസ് ആഘോഷങ്ങളുടെ വർണ്ണപ്പെട്ടിക്കുള്ളിലായി.

**കത്തോലിക്കർ ക്രിസ്മസിന് നാലാഴ്ചയോളം ഒരുങ്ങുന്നുണ്ട്. നാലാഴ്ച നീണ്ടുനിൽക്കുന്ന ഈ ഒരുക്ക കാലഘട്ടത്തെ ആഗമനകാലം എന്നാണ് പറയുന്നത്.** ജർമ്മനിയിലെ കത്തോലിക്കരുടെ പാരമ്പര്യമനുസരിച്ച് ആഗമനകാലത്ത് ഉണ്ടാക്കുന്ന **ആഗമനകാലതിരി (advent wreath)** ഓരോ ആഴ്ചയേയും വ്യക്തമായിട്ട് അതിന്റെ ആവശ്യകതയേയും, അതിന്റെ ലക്ഷ്യങ്ങളെയും കുറിച്ച് കാഴ്ചപ്പാട് നൽകുന്നു. **ആദ്യത്തെ ആഴ്ച കത്തിക്കുന്ന വയലറ്റ് തിരിയിലൂടെ പ്രത്യാശയെക്കുറിച്ചാണ് ഓർമ്മിപ്പിക്കുന്നത്. രണ്ടാമത്തെ ആഴ്ചയിൽ കത്തിക്കുന്ന വയലറ്റ് തിരി സമാധാനത്തിന്റേതായാണ് കരുതപ്പെടുക. മൂന്നാമത്തെ ആഴ്ചയിലെ Gaudete Sunday' എന്ന് പറയുന്ന ഈ ആഴ്ചയിൽ കത്തിക്കുന്ന 'റോസ്' നിറത്തിലുള്ള തിരി സന്തോഷത്തെ സൂചിപ്പിക്കുന്നു. നാലാമത്തെ ആഴ്ചയിലെ വയലറ്റ് തിരി സ്നേഹത്തിന്റെ പ്രതീകമായും നടുക്ക് വയ്ക്കുന്ന വെള്ളത്തിരി ക്രിസ്മസ് രാത്രി കത്തിക്കുന്ന ആ തിരി ക്രിസ്തുവിന്റെ പ്രതീകവുമായാണ് ചിത്രീകരിക്കപ്പെടുക.**

ക്രിസ്തുവിന്റെ ജനനം എല്ലാവർക്കും ഒരുപോലെ ഉൾക്കൊള്ളാൻ കഴിഞ്ഞില്ല. കാരണം അന്നത്തെ ജനത്തിന് ക്രിസ്തുവിനെക്കുറിച്ച് തങ്ങളുടേതായ ഓരോ കാഴ്ചപ്പാടുകൾ ഉണ്ടായിരുന്നു. ദൈവപുത്രനായ ഈശോയ്ക്ക് ഉണ്ടായ തന്റെ ദൗത്യത്തെക്കുറിച്ചുള്ള ദർശനം വിശുദ്ധ ലൂക്കായുടെ സുവിശേഷത്തിൽ നാലാം അധ്യായം 18 മുതൽ ഉള്ള വാക്യങ്ങളിൽ നിഴലിക്കുന്നു (ലൂക്കാ 4:18–21). അത് സമഗ്രമായ വിമോചനത്തിന്റെ സദ്‌വാർത്തയാണ്.

**ഈശോ നൽകുന്ന സമഗ്രമായ സ്വാതന്ത്ര്യത്തിന്റെ ശംഖൊലി എവിടെ മുഴങ്ങുന്നുവോ, അവിടെയാണ് ദൈവപുത്രനായ ഈശോയുടെ ജനനം സംഭവിക്കുന്നത്.** നമ്മുടെ ഹൃദയങ്ങളിൽ, നമ്മുടെ കാഴ്ചപ്പാടുകളിൽ, നമ്മുടെ ഭവനങ്ങളിൽ, നമ്മുടെ ജോലിസ്ഥലങ്ങളിൽ, നമ്മുടെ പഠന രംഗങ്ങളിൽ പഠനമേഖലകളിൽ എന്നുവേണ്ട എല്ലായിടങ്ങളിലും ഈ സദ്‌വാർത്ത പ്രഘോഷിക്കപ്പെടണം. അപ്പോൾ മാത്രമാണ് നമുക്കും മാലാഖമാരോടൊപ്പം പാടാൻ കഴിയുക, അത്യുന്നതങ്ങളിൽ ദൈവത്തിനു മഹത്വം എന്ന്.

**ഏവർക്കും ക്രിസ്മസിന്റെ**

ആശംസകൾ



# അപ്പോഴും വെളിച്ചമുണ്ടായിരുന്നു!

ഫാ. ഷിന്റോ മറയൂർ

**അ**യാളൊരു സഞ്ചാരിയായിരുന്നു. ചില ചോദ്യങ്ങൾക്കുള്ള ഉത്തരംതേടി ആ മനുഷ്യൻ അലയുകയായിരുന്നു. അങ്ങനെയാണ് അയാൾ തിബേരിയാസ് കടലിന്റെ തീരത്തെത്തിയത്. അപ്പോൾ സന്ധ്യയായിരുന്നു. മറഞ്ഞു തുടങ്ങുന്ന സൂര്യനെ അല്പനേരം നോക്കിയിരുന്നതിനുശേഷം അയാൾ പതുക്കെ മണലിലേക്കു ചാഞ്ഞു, കണ്ണടച്ചു. നീണ്ട യാത്രയുടെ ക്ഷീണം കൊണ്ടാവാം, വളരെപ്പെട്ടെന്ന് അയാളുറങ്ങി. ഉറക്കത്തിനിടയിൽ അയാളൊരു സ്വപ്നം കണ്ടു.

കുറച്ചു മനുഷ്യർ ഒരു സ്റ്റേജിന്റെ പിറകിലിരുന്ന് തീ കായുകയായിരുന്നു. യാത്രികൻ അവർക്കരികിലേക്കു ചെന്നു. ലോകമെങ്ങും സഞ്ചരിച്ച് യേശുവിന്റെ പിറവി നാടക രൂപത്തിൽ അവതരിപ്പിക്കുന്ന ഒരു നാടക സംഘമായിരുന്നു അത്. ജീവിതത്തെക്കുറിച്ചുള്ള മനുഷ്യരുടെ ചോദ്യങ്ങൾക്ക് യേശുവിന്റെ കഥയിലൂടെ ഉത്തരം നല്കുന്നതാണ് അവരുടെ രീതിയെന്നറിഞ്ഞപ്പോൾ സഞ്ചാരിക്കു സന്തോഷമായി. കുറേയധികം ചോദ്യങ്ങളാൽ വീർപ്പുമുട്ടിയിരുന്ന അയാൾ മടിച്ചു മടിച്ച് അവരോടു ചോദിച്ചു: 'എന്റെ ചോദ്യങ്ങൾക്ക് നാടകത്തിനു പുറത്ത് ഉത്തരം പറയാമോ?' അവർ സമ്മതം പറഞ്ഞു തലയാട്ടി. ആ നിശ്ശബ്ദതയിൽ അയാളുടെ ചോദ്യമുയർന്നു.

**'യേശുവിന്റെ ജനനരീതി തീർത്തും നിസ്സാരമായ രീതിയിലായിരുന്നല്ലോ? ദൈവികമായ ശക്തിയും മഹത്ത്വവുമൊക്കെ ഒഴിവാക്കിയത് എന്തുകൊണ്ടാവും? ഒരു കൊട്ടാരത്തിൽ ജനിച്ചിരുന്നെങ്കിൽ എല്ലാവരും അവനെ കൂടുതൽ ശ്രദ്ധിക്കുമായിരുന്നില്ലേ?'** എന്ന് സഞ്ചാരി ചോദിച്ചപ്പോൾ ജോസഫിനെ അവതരിപ്പിക്കുന്ന ആളാണ് ആദ്യം മറുപടി പറഞ്ഞത്. 'ഞാനും അതേ കാര്യം ചിന്തിച്ചിട്ടുണ്ട്. ആദ്യമായി ആ മാലാഖയുടെ സന്ദേശത്തെക്കുറിച്ച് മേരി എന്നോടു പറഞ്ഞപ്പോൾ എനിക്കത് വിശ്വസിക്കാനേ കഴിഞ്ഞില്ല. എന്നാൽ ദൈവത്തിന്റെ വഴികൾ നമ്മുടെ വഴികളല്ലെന്ന് താമസിയാതെ ഞാൻ മനസ്സിലാക്കി. മറ്റുള്ളവരെ ഭരിക്കുന്നതിലല്ല, ശുശ്രൂഷിക്കുന്നതിലാണു മഹത്ത്വമെന്നു പഠിപ്പിക്കാൻ അവിടന്ന് ഉദ്ദേശിച്ചിരിക്കണം. അതുകൊണ്ടാവും അവനൊരു കൊട്ടാരത്തിൽ പിറക്കാതിരുന്നത്.



തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന്നു ദൈവം അവനെ നല്കുവാൻ തക്കവണ്ണം ലോകത്തെ അത്രമേൽ സ്നേഹിച്ചു.
(യോഹന്നാൻ 3:16)

മാത്രമല്ല, ബലഹീനതകളെപ്രതി മറ്റുള്ളവരെ ഒഴിവാക്കുന്നതാണല്ലോ മനുഷ്യരുടെ രീതി. എന്നാൽ, നമ്മുടെ ബലഹീനതയിൽ നമ്മെ സ്നേഹിക്കുന്ന ഒരാളായി ദൈവം നമ്മുടെ മനുഷ്യാവസ്ഥയിലേക്ക് പ്രവേശിച്ചു. ദൈവത്തിലേക്കുള്ള വഴി കരുണയും സ്നേഹവുമാണെന്നു കാണിക്കാനാവും അവിടന്ന് അങ്ങനെ ചെയ്തത്.'

'പുരോഹിതന്മാരോ രാജാക്കന്മാരോ ആയിരുന്നില്ലേ അവന്റെ ജനന വാർത്ത ആദ്യം അറിയേണ്ടിയിരുന്നത്? കാരണം, അവരാണല്ലോ ജനങ്ങളെ പഠിപ്പിക്കുന്നത്?' അതിനു മറുപടി പറയേണ്ടത് താനാണെന്നു ഇടയന്റെ കഥാപാത്രത്തെ അവതരിപ്പിക്കുന്ന ആൾക്കു തോന്നി. അങ്ങനെ തന്റെ പരുക്കൻ സ്വരത്തിൽ അയാൾ പറഞ്ഞു:'മാലാഖ പ്രത്യക്ഷപ്പെട്ടപ്പോൾ ഞങ്ങൾ കുന്നിൻ മുകളിൽ ആട്ടിൻകൂട്ടത്തോടൊപ്പമായിരുന്നു. മാലാഖമാരുടെ കൂട്ടത്തെ കണ്ടപ്പോൾ ഞങ്ങൾ ഭയംകൊണ്ടു വിറച്ചുപോയി. മനുഷ്യരൊക്കെ ഞങ്ങളെ ഒഴിവാക്കാനാഗ്രഹിക്കുമ്പോൾ ദൂതൻ ഞങ്ങളുടെ അടുത്തേക്ക് വന്നത് എന്തുകൊണ്ടാണെന്നറിയാമോ? ആരെയും ഒഴിവാക്കാതെ എല്ലാവരെയും ചേർത്തു പിടിക്കാൻ ദൈവം ആഗ്രഹിക്കുന്നതുകൊണ്ടാണ്. ഞങ്ങൾ പുറത്താക്കപ്പെട്ടവരും വെറുക്കപ്പെട്ടവരുമൊക്കെ ആയിരുന്നു. ദൈവത്തിനുപോലും വേണ്ടാത്തവരാണു ഞങ്ങളെന്നാണ് അപ്പോഴൊക്കെ തോന്നിയിട്ടുള്ളത്. ഒരു പുരോഹിതനോ രാജാവോ ഞങ്ങളെ തേടി വന്നിട്ടില്ല. എന്നാൽ സുവിശേഷം ആദ്യം കേൾക്കാൻ അവൻ ഞങ്ങളെ തിരഞ്ഞെടുത്തു. മാത്രമല്ല, അവനെ ആദ്യം കണ്ടതും ഞങ്ങളായിരുന്നു. അവൻ എല്ലാവർക്കുംവേണ്ടി പിറന്ന രക്ഷകനായിരുന്നുവെന്ന് ലോകത്തിനു മനസ്സിലാകാനാവണം അതു ചെയ്തത്. ഞങ്ങളും ദൈവം തിരഞ്ഞെടുത്തവരാണെന്ന് അങ്ങനെയാണു ഞങ്ങൾ മനസ്സിലാക്കിയത്.'

'അങ്ങനെയാണെങ്കിൽ നക്ഷത്രത്തിന്റെയും ജ്ഞാനികളുടെ യാത്രയുടെയുമൊക്കെ അർഥമെന്താണ്?' എന്ന അയാളുടെ ചോദ്യത്തിനു മറുപടി നല്കിയത് ജ്ഞാനികളിൽ ഒരാളായായിരുന്നു. 'ഞങ്ങൾ പിന്തുടർന്ന നക്ഷത്രം ആകാശത്തിലെ ഒരു അടയാളം മാത്രമായിരുന്നില്ല. അത് ഒരു വഴികാട്ടിയായിരുന്നു. അത് എവിടേക്ക് നയിക്കുമെന്ന് ഞങ്ങൾക്ക് കൃത്യമായി അറിയില്ലായിരുന്നു, പക്ഷേ അത് ഞങ്ങളെ അസാധാരണമായ ഒന്നിലേക്ക് നയിക്കുമെന്ന് ഞങ്ങൾക്കറിയാമായിരുന്നു. അത് സംഭവിക്കുകയും ചെയ്തു.

ഞങ്ങൾ അന്വേഷകരായിരുന്നു-ഒരു രാജാവിനെക്കാളും സത്യവും സമാധാനവുമാണ് ഞങ്ങൾ തിരഞ്ഞത്. ലോകം നിരവധി ഉത്തരങ്ങൾ നല്കുന്നുണ്ടെങ്കിലും അവ പലപ്പോഴും അപൂർണമോ താല്ക്കാലികമോ ഒക്കെ ആയിരുന്നു. എന്നാൽ ദീർഘകാലം അന്വേഷിച്ചത് അവിടെ ഞങ്ങൾ ആ കുഞ്ഞിൽ കണ്ടെത്തി. അവന്റെ സാന്നിധ്യത്തിൽ ഞങ്ങൾ സമാധാനമനുഭവിച്ചു. അവനെ കണ്ടുമുട്ടുന്നവർക്കൊക്കെ അതനുഭവിക്കാൻ സാധിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു. അതുകൊണ്ടാണ് അവന്റെ കാൽക്കൽ ഞങ്ങൾ കാഴ്ചകളർപ്പിച്ചത്. അവനത് ആവശ്യമുള്ളതായിരുന്നോ എന്നറിയില്ല. എന്നാൽ, എല്ലാ പ്രവചനങ്ങളുടെയും പൂർത്തീകരണവും ഞങ്ങളുടെ എല്ലാ ചോദ്യങ്ങൾക്കുമുള്ള ഉത്തരവും അവനാണെന്നു പറയാനാണ് ആ കാഴ്ചയർപ്പണത്തിലൂടെ ഞങ്ങൾ ശ്രമിച്ചത്.'

'പക്ഷേ, അവന്റെ ജനനത്തിന്റെ പേരിൽ കുറയധികം നിഷ്കളങ്കരായ കുഞ്ഞുങ്ങൾ കൊല്ലപ്പെട്ടില്ലേ? ഒരു രക്ഷകൻ ഈ ഭൂമിയിലേക്കു വരേണ്ടത് ഇത്രയേറെ പേരുടെ രക്തത്തിലൂടെയാണോ?' എന്ന സഞ്ചാരിയുടെ ചോദ്യത്തിൽ കുറ്റപ്പെടുത്തലിന്റെയും കലഹത്തിന്റെയും ധ്വനിയുണ്ടായിരുന്നു. അപ്പോൾ തന്റെ കുഞ്ഞിനെ നഷ്ടപ്പെട്ട ഒരമ്മ പറഞ്ഞു തുടങ്ങി. 'ആ രാത്രി എനിക്കെന്റെ മകനെയും മറ്റ് പലരെയും നഷ്ടപ്പെട്ടു. സൈനികർ ദയയില്ലാതെ വന്നു, ഞങ്ങളുടെ വീടുകൾ തകർത്തു. എന്തുകൊണ്ടാണ് ദൈവം ഇത്തരം

അക്രമങ്ങൾ അനുവദിക്കുന്നതെന്ന് എനിക്ക് മനസ്സിലായില്ല, പ്രത്യേകിച്ച് സമാധാനം കൊണ്ടുവരാൻ ഉദ്ദേശിച്ചുള്ള ഒരു കുട്ടിയുടെ ജനന സമയത്ത്. പക്ഷേ, പിന്നീട് മനസ്സിലായി, നന്മയുടെ വിളക്ക് കൊളുത്തപ്പെടാൻ അനുവദിക്കാനാവാത്ത വിധം മനുഷ്യബോധം അത്രമാത്രം ഇരുണ്ടു പോയിട്ടുണ്ടെന്ന്. അതുകൊണ്ടാണല്ലോ ഹേറോദേസ് അത്ര ക്രൂരമായ കല്പന പുറപ്പെടുവിച്ചത്. എന്നിട്ടും ദൈവം ഭൂമിയിലേക്കു കടന്നുവന്നുവല്ലോ! പിന്നീട്, യേശുവിനെ കാണുകയും കേൾക്കുകയും ചെയ്തപ്പോൾ, അവൻ പകർന്ന ആശ്വാസം അനുഭവിച്ചപ്പോൾ രക്ഷകനെ ഭൂമിക്കു സമ്മാനിക്കാൻ ഞാൻ കൊടുത്ത വിലയാണ് എന്റെ കുഞ്ഞിന്റെ ജീവനെന്ന് ഞാൻ തിരിച്ചറിഞ്ഞു. കാരണം, കുറേ കുഞ്ഞുങ്ങളെ കൊന്നതുകൊണ്ട് താൻ സുരക്ഷിതാനായെന്നു ഹേറോദേസ് കരുതിയതുകൊണ്ടാണല്ലോ ഉണ്ണിയേശുവിന്റെ ജീവൻ രക്ഷപെട്ടത്. അവനും അന്നു കൊല്ലപ്പെട്ടിരുന്നെങ്കിൽ യേശുവെന്ന വെളിച്ചം ഭൂമിക്കു ലഭിക്കാതെ പോയേനേ! ലോകം വല്ലാതെ ഇരുണ്ടു പോയേനേ. മേരിയെപ്പോലെ ഞാനും ദൈവത്തിന്റെ പദ്ധതിയിൽ പങ്കുചേർന്നുവെന്നാണ് എനിക്കിപ്പോൾ തോന്നുന്നത്.'

ആ സ്ത്രീ നിശ്ശബ്ദയായപ്പോൾ മറ്റൊരാൾ പറഞ്ഞു തുടങ്ങി: 'ഞാനൊരു പട്ടാളക്കാരനായിരുന്നു, എന്റെ രാജാവിന്റെ കല്പനകൾ അനുസരിക്കുമെന്ന് ഞാൻ ശപഥം ചെയ്തിരുന്നു. കല്പിക്കപ്പെട്ടതൊക്കെ ഒരു ചോദ്യവുമില്ലാതെ ഞാൻ അനുസരിച്ചു. എന്നാൽ ആ രാത്രി, ആ ഭയാനകമായ രാത്രി, ചിന്തിക്കാൻ കഴിയാത്തതു ചെയ്യാൻ എന്നോട് കല്പിക്കപ്പെട്ടു: നിരപരാധികളായ കുട്ടികളെ കൊല്ലാൻ. അവർ ഞങ്ങൾക്ക് ഭീഷണിയോ ശത്രുവോ ആയിരുന്നില്ല. എന്നിട്ടും രാജകോപത്തെ ഭയന്ന് ഞാൻ കല്പന അനുസരിച്ചു. അധികാരത്തിന്റെ ക്രൂരമായ കളിയിലെ ഒരു കാലാളായിരുന്നു ഞാൻ. എന്നാൽ അതെന്റെ കുറ്റബോധം ലഘൂകരിക്കുന്നില്ല. അമ്മമാരുടെ കരച്ചിൽ ഇപ്പോഴും എന്റെ ചെവിയിൽ പ്രതിധ്വനിക്കുന്നു. അവരുടെ മുഖം എന്നെ വേട്ടയാടുന്നു.

എല്ലാവരും ചോദിക്കും, ദൈവമെന്തുകൊണ്ട് ഇതനുവദിച്ചുവെന്ന്. ഇത് ഹേറോദേസ് എന്ന രാജാവിന്റെ അധികാരത്തോടുള്ള കൊതികൊണ്ടും സ്വാർഥതകൊണ്ടും സംഭവിച്ചതല്ലേ? സംരക്ഷിക്കാൻ കടമയുള്ളയാൾ സംഹരിക്കാൻ തീരുമാനിച്ചാലെന്തു ചെയ്യും? അയാൾ തനിക്കു കിട്ടിയ സ്വാതന്ത്ര്യം സ്വന്തം സ്വാർഥത കാരണം ദുരുപയോഗം ചെയ്യുകയായിരുന്നല്ലോ! ക്രിസ്തുവിന്റെ ജനനത്തെ തനിക്കുള്ള ഒരു ഭീഷണിയായി അയാൾ കണ്ടു. ലോകത്തെ രക്ഷിക്കാൻ ജനിച്ചയാൾ ആർക്കും ഒരിക്കലും ഭീഷണിയല്ല, മറിച്ച് എല്ലാവർക്കും പ്രതീക്ഷയാണ് എന്ന സത്യത്തെ തിരിച്ചറിയാൻ ഭയത്തിൽ മുങ്ങിയിരുന്നതുകൊണ്ട് അദ്ദേഹത്തിനു കഴിഞ്ഞില്ല. എന്നിട്ടും, ഈ അന്ധകാരത്തിനിടയിൽ, ഞങ്ങൾ നശിപ്പിക്കാൻ ശ്രമിച്ച കുട്ടി, ഒരു എളിയ പുൽത്തൊട്ടിയിൽ ജനിച്ച കുട്ടി, ലോകത്തെ മാത്രമല്ല, എന്നെയും വീണ്ടെടുത്തു.

ആ മറുപടി കേട്ടപ്പോൾ തന്റെ മുഖത്തെ മുറുക്കം അയയുന്നത് സഞ്ചാരിയറിഞ്ഞു. എങ്കിലും അയാൾ ചോദ്യമവസാനിപ്പിച്ചില്ല. 'മാലാഖമാർ ഭൂമിയിൽ സമാധാനം പ്രഘോഷിച്ചു. എന്നാൽ ലോകത്ത് ഇത്രയധികം കഷ്ടപ്പാടുകളും വിദ്വേഷവും സംഘർഷങ്ങളും





എന്റെ ചിത്തം എന്റെ രക്ഷകനായ ദൈവത്തിൽ ആനന്ദിക്കുന്നു

(ലൂക്കാ 1:47)

ഉള്ളപ്പോൾ എങ്ങനെ സമാധാനം ഉണ്ടാകും?' എന്ന ചോദ്യത്തോടു പ്രതികരിച്ചത് മാലാഖയുടെ വേഷം ധരിച്ചയാളായിരുന്നു. 'സമാധാനമെന്നാൽ സംഘർഷത്തിന്റെ അഭാവമല്ല മറിച്ച്, അത് ദൈവത്തിന്റെ സാന്നിധ്യമാണ്. ദൈവം വസിക്കുന്ന ഹൃദയത്തിൽ നിന്നാണ് യഥാർഥ സമാധാനം ആരംഭിക്കുന്നത്. അത് എല്ലാ സൃഷ്ടികളിലേക്കും പതുക്കെ വ്യാപിക്കുകയാണു ചെയ്യുക. ഞങ്ങൾ ഭൂമിയിൽ സമാധാനം പ്രഖ്യാപിച്ചപ്പോൾ, യേശുക്രിസ്തുവിലൂടെ മനുഷ്യരാശിക്കു ദൈവകൃപ ലഭിച്ചുവെന്നാണ് ഞങ്ങൾ ഉദ്ദേശിച്ചത്. ഒരു ഭൗമിക ശക്തിക്കും ഒരിക്കലും നേടിയെടുക്കാൻ കഴിയാത്തവിധം ദൈവവും മനുഷ്യനും തമ്മിലുള്ള അനുരഞ്ജനം അവൻ സാധ്യമാക്കി. അവൻ സമാധാനത്തിന്റെ രാജകുമാരനായത് അങ്ങനെയാണ്. പ്രശ്നങ്ങളെ താല്ക്കാലത്തേക്ക് ഇല്ലാതാക്കിക്കൊണ്ടല്ല അവൻ സമാധാനം നല്കുന്നത് മറിച്ച്, ദൈവം നമ്മോടൊപ്പമുണ്ടെന്ന ആഴത്തിലുള്ള ഉറപ്പു നല്കിക്കൊണ്ടാണ്. അതുകൊണ്ടാണല്ലോ അവനെ ഇമ്മാനുവൽ എന്നു വിളിക്കുന്നത്!'

ഗബ്രിയേൽ അതു പറഞ്ഞവസാനിപ്പിച്ചപ്പോൾ സഞ്ചാരി സത്രമുടമയുടെ നേരെ തിരിഞ്ഞ് 'എന്തുകൊണ്ടാണ് രക്ഷകന് സത്രത്തിൽ ഇടമില്ലാതെ പോയത്?' എന്നു ചോദിച്ചു. സത്രമുടമ മറുപടി പറഞ്ഞു തുടങ്ങുമ്പോൾ അതിൽ സങ്കടഭാവം നിഴലിച്ചിരുന്നു. 'എന്റെ സത്രത്തിലേക്കു കടന്നുവന്ന മഹാനായ അതിഥിയാകുമായിരുന്നു ആ കുഞ്ഞ്. പക്ഷേ, എന്റെ ഹൃദയംപോലെ എന്റെ സത്രവും നിറഞ്ഞിരുന്നു. അതുകൊണ്ട് അവർക്കു നല്കാൻ സ്ഥലമില്ലായിരുന്നു. എന്നാൽ പിന്നോട്ടുനോക്കുമ്പോൾ, ആ നിമിഷം പ്രതീകാത്മകമായിരുന്നുവെന്ന് ഞാൻ കാണുന്നു. കാരണം, ലോകത്തിൽ രക്ഷകന് സ്ഥാനമില്ലായിരുന്നല്ലോ! ക്ഷണിക്കപ്പെടാത്ത ഒരതിഥിയെപ്പോലെയാണ് അവൻ ഭൂമിയിലേക്കു വന്നത്. അന്നവനു നല്കാൻ എന്റെ സത്രത്തിൽ സ്ഥലമുണ്ടായിരുന്നില്ല. എന്നാൽ ഇന്ന് അവൻ എന്റെ ഹൃദയത്തിലുണ്ട്. എന്റെ മാത്രമല്ല നിങ്ങളുടെ ഹൃദയവാതിലിനു പുറത്തും അവനുണ്ട്, ക്ഷണിക്കപ്പെടുന്നതും കാത്ത്.'

അയാൾ സംസാരം നിർത്തിയപ്പോൾ അതുവരെ നിശ്ശബ്ദനായിരുന്ന സംവിധായകൻ യാത്രക്കാരന്റെ തോളിൽ കൈവെച്ച് പറഞ്ഞു തുടങ്ങി. 'ക്രിസ്തുമസ് ഭൂതകാലത്തിന്റെ കഥ മാത്രമല്ല, അത് ഒരു ജീവനുള്ള ക്ഷണമാണ്. ദൈവത്തെയും അയല്ക്കാരനെയും നമ്മെത്തന്നെയും സ്നേഹിക്കാനുള്ള ക്ഷണം. യേശുവിന്റെ ജനനം ഇതുവരെ പറഞ്ഞിട്ടുള്ളതിൽ വച്ച് ഏറ്റവും മഹത്തായ ജീവചരിത്രത്തിന്റെ തുടക്കമായിരുന്നു, അത് ഇന്നും നമ്മളിൽ ഓരോരുത്തരിലും തുടരുന്നു.'

എല്ലാവരും സംസാരിച്ചതുകൊണ്ട് മറിയവും എന്തെങ്കിലും പറയണമെന്ന് അവരാവര്യപ്പെട്ടു. അപ്പോൾ ഏറെ മൃദുലമായ സ്വരത്തിൽ ഇത്ര മാത്രം പറഞ്ഞു: 'എന്റെ ജീവിതത്തിൽ എന്താണു സംഭവിക്കുന്നതെന്ന് എനിക്കറിയില്ലായിരുന്നു. ചോദ്യങ്ങൾ എന്റെ ഹൃദയത്തെ ഞെരുക്കിക്കൊണ്ടിരുന്നു. പക്ഷേ, ഞാനൊരിക്കലും ഭയപ്പെട്ടില്ല. കാരണം, ഒറ്റയ്ക്കാവാൻ കഴിയാത്തവിധം ദൈവം കൂടെയുണ്ടായിരുന്നു. അന്നുണ്ടായിരുന്ന ചോദ്യങ്ങൾക്കുള്ള ഉത്തരം എനിക്കിപ്പോഴുമറിയില്ല. പക്ഷേ, എന്റെയുള്ളം ചോദ്യത്തിന്റെയോ സന്ദേഹത്തിന്റെയോ ഒരു ചെറുതിര പോലുമില്ലാത്ത ശാന്തമായ കടലാണിപ്പോൾ എന്നു മാത്രമറിയാം.'

പെട്ടെന്ന് തിബേരിയാസ് കടലിൽ നിന്നും വലിയൊരു തിര കരയിലേക്കടിച്ചു കയറി. അത് സഞ്ചാരിയെയും കടന്നുപോയി. ഉറക്കത്തിൽ നിന്നും ഞെട്ടിയുണരുമ്പോൾ ആകെ നനഞ്ഞവനായി അയാൾ തന്നെത്തന്നെ കണ്ടു. പക്ഷേ, ഹൃദയത്തിൽ ഒരു കൊടുങ്കാറ്റു ശമിച്ചതിന്റെ ശാന്തത അയാളറിഞ്ഞു. അയാളെഴുന്നേറ്റിരുന്ന് തിരികെപ്പോയ തിരയിലേക്കു നോക്കി. പിന്നെ, വെറുതെ ഒന്നു പുഞ്ചിരിച്ചു. അപ്പോൾ രാത്രിയായിരുന്നു. പക്ഷേ, അയാൾ ഇരുട്ടിലായിരുന്നില്ല!

■

# വി. ഫ്രാൻസിസ് സേവ്യർ– കോട്ടപ്പുറത്തിനു സ്വന്തം





സിസ്റ്റർ മേരി അന്റോണിയോ INSC

മതങ്ങളുടെ സംഗമഭൂമിയായ ഭാരത മണ്ണിൽ കത്തോലിക്ക വിശ്വാസം പകർന്നു നൽകിയ പ്രേഷിത ധീരനായ വിശുദ്ധ ഫ്രാൻസിസ് സേവ്യറിന്റെ പാദസ്പർശമേറ്റ മണ്ണാണ് കോട്ടപ്പുറം രൂപതയുടേത്. അഞ്ച് നൂറ്റാണ്ടുകൾക്ക് മുമ്പ് കൊടുങ്ങല്ലൂർ പ്രദേശങ്ങളിലേയ്ക്കുള്ള വിശുദ്ധന്റെ അനുഗ്രഹീത സന്ദർശനം കോട്ടപ്പുറം രൂപതയെ ധന്യമാക്കിയിരിക്കുന്നു. പെരിയാറിന്റെ കൈവഴികളിൽ നിന്നും വീശുന്ന ഇളം കാറ്റുകളിലിന്നും ഒരു വിശുദ്ധ സാന്നിധ്യമുണ്ട്. ഇവിടത്തെ ആത്മീയാലയങ്ങളിലും ഭവനങ്ങളിലും നിന്നുയരുന്ന പ്രാർത്ഥനകൾക്ക് ആത്മനിർവൃതിയുടെ ഒരു നിറവുണ്ട്. ഇവിടത്തെ നല്ലനിലത്ത് വീണ വിശ്വാസത്തിന്റെ വിത്തുകൾ മുപ്പതും അറുപതും നൂറും മേനി വിളവുകൾ നൽകികൊണ്ടിരിക്കുന്നു. അങ്ങനെ യേശുവിന്റെ ദിവ്യസന്ദേശവുമായി മൈലുകൾ താണ്ടി ഭാരതത്തിലെത്തിയ ഈ ദൈവിക മനുഷ്യൻ ഇന്നും നമ്മുടെ സ്വന്തമാണ്.

1529-ൽ വൈദിക പഠനാർത്ഥം പാരീസ് സർവ്വകലാശാലയിലെത്തിയ ഇഗ്നേഷ്യസ് ലയോള ഊർജ്ജസ്വലതയും വലിയ ജീവിത വീക്ഷണവുമുള്ള ഫ്രാൻസിസിന്റെ കഴിവുകൾ ആഗോളസഭയ്ക്കു വലിയ ഒരു മുതൽകൂട്ടായിരിക്കുമെന്ന് മനസ്സിലാക്കി, ദൈവസേവനത്തിനായി, അദ്ദേഹത്തെ ക്ഷണിച്ചു. ഒടുവിൽ ഈശോസഭാ സ്ഥാപകനായ ഇഗ്നേഷ്യസ് ലയോളയുടെ വിഖ്യാതരായ ആദ്യ ഏഴു പങ്കാളികളിൽ ഒരുവനായി ഫ്രാൻസിസ് സേവ്യർ രൂപാന്തരപ്പെട്ടു. അദ്ദേഹത്തിന്റെ തുടർന്നുള്ള ജീവിതം ദൈവിക പദ്ധതികളുടെ ചുരുളുകൾ ഒന്നൊന്നായി അഴിക്കുന്നതായിരുന്നു.

പോർച്ചുഗൽ ഭരിച്ചിരുന്ന ജോൺ 3-ാമൻ രാജാവ് (1521-57) ഭാരതത്തിലെയും തന്റെ പ്രജകളായ ജനങ്ങളുടെ ആത്മീയ ശുശ്രൂഷ നിർവഹിക്കുന്നതിനാവശ്യമായ പുരോഹിതരെ പുറമേ നിന്നുകൊണ്ടുവരാൻ തീരുമാനിച്ചു. അങ്ങനെയാണ് ഫ്രാൻസിസ് സേവ്യർ അധ്യാപകനായി ജോലി നോക്കിയിരുന്ന പാരീസിലെ കോളേജിന് അമ്പത് സ്വർണ്ണനാണയങ്ങൾ ഗ്രാന്റ് വാഗ്ദാനം ചെയ്തുകൊണ്ട് അവിടെ പഠിച്ചിറങ്ങിയ തീക്ഷ്ണമതികളായ ഇഗ്നേഷ്യൻ സംഘത്തെ ആവശ്യപ്പെട്ടത്. ഈ ആവശ്യം പരിശുദ്ധ പിതാവിന്റെ മുന്നിലെത്തുകയും പാപ്പായുടെ ആശീർവ്വാദത്തോടെയും ഇഗ്നേഷ്യസ് ലയോളയുടെ അനുവാദത്തോടെയും ഭാരതത്തിലേക്ക് പുറപ്പെട്ട സംഘത്തി

ലൊരാളായി ഫ്രാൻസിസ് സേവ്യർ 1542 മെയ് 6–ന് ഗോവയിലെത്തി.

'വിശ്വാസത്തിന്റെ വെളിച്ചം ആളിക്കത്തിക്കുക' എന്ന ദൗത്യം ഏൽപിച്ചാണ് ഇഗ്നേഷ്യസ് ഫ്രാൻസിസിനെ യാത്രയാക്കിയത്. ഗോവ കേന്ദ്രമാക്കി പ്രവർത്തനം ആരംഭിച്ച ഫ്രാൻസിസ് സേവ്യർ, താൻ അനുഭവിച്ചറിഞ്ഞ ദൈവത്തെ പകർന്നു നൽകാനായി മലബാർ തീരത്തേക്കും കന്യാകുമാരിയിലേക്കും യാത്രയായി. അവിടെ നിന്നും പൂർവ്വേഷ്യൻ രാജ്യങ്ങളിലേക്കും സുദീർഘമായ യാത്രകൾ നടത്തി. ആത്മാക്കൾക്കുവേണ്ടി ദാഹിച്ചുവന്ന ഫ്രാൻസിസ് ചൈനയിലും സുവിശേഷം എത്തിക്കണമെന്ന പ്രേഷിതതൃഷ്ണയോടെ പോയെങ്കിലും 1552 ഡിസംബർ 3 ന് സാഞ്ചിയാൻ ദ്വീപിൽ ആ യാത്ര അവസാനിച്ചു. കത്തിജ്ജ്വലിക്കുമ്പോഴും എരിഞ്ഞു ചാമ്പലാകാത്ത മുൾച്ചെടിക്കുതുല്യം, ദൈവത്തിന്റെ നിഗൂഢ പ്രവർത്തനം വിളിച്ചറിയിച്ചുകൊണ്ട് ഫ്രാൻസിസ് സേവ്യറിന്റെ അഴുകാത്ത ശരീരം ഗോവയിലെ ബോം ജീസസ് കത്തീഡ്രലിൽ ഇന്നും വിശ്രാന്തികൊള്ളുകയാണ്, നിശബ്ദമായി പ്രേഷിതപ്രവർത്തനം തുടരുകയാണ്.[3]

ഒരു ദിവസം കൊണ്ട് ഒരു ഗ്രാമം മുഴുവൻ മാമ്മോദീസ നല്കുകയും ഒരു മാസംകൊണ്ട് പതിനായിരകണക്കിനാളുകളെ മാനസാന്തരത്തിലേക്ക് നയിക്കുകയും ചെയ്ത ചരിത്രമുള്ള ഫ്രാൻസിസ് സേവ്യറിന്റെ പാദങ്ങൾ നമ്മുടെ രൂപതാമണ്ണിലും പതിഞ്ഞതാണെന്ന് അറിയുമ്പോൾ അഭിമാനം കൊള്ളേണ്ടവരാണ് നാം. നമ്മുടെ രൂപതയും ഫ്രാൻസിസ് സേവ്യറും തമ്മിലുള്ള അഭേദ്യമായ ബന്ധം അരക്കെട്ടുറപ്പിക്കുന്നതാണ് ഫ്രാൻസിസ് പാപ്പയ്ക്കും ഇഗ്നേഷ്യസ് ലെയോളയ്ക്കും പോർച്ചുഗീസ് രാജാവിനുമൊക്കെയായി അദ്ദേഹം അയച്ചിട്ടുള്ള ഏതാനും കത്തുകൾ. 1549 ജനുവരി 12 ന് ഇഗ്നേഷ്യസ് ലയോളയ്ക്ക് റോമിലേക്ക് അയച്ച കത്തിൽ ഇപ്രകാരം എഴുതിയിരുക്കുന്നു, 'കൊച്ചിയിൽ നിന്നും അഞ്ച് ലീഗ് മാറി, ഫ്രാൻസിസ്കൻ വൈദികനായ വിൻസന്റ് ലാഗോസ് തുടക്കമിട്ട ആകർഷകമായ ഒരു കോളജുണ്ട്. നാട്ടുകാരായ നൂറ് വിദ്യാർത്ഥികളാണ് ഇവിടെ അധ്യയനം നടത്തുന്നത്. പോർച്ചുഗൽ രാജാവിന്റെ കോട്ടയ്ക്ക് അകത്തുതന്നെയാണ് ഇത് സ്ഥിതിചെയ്യുന്നത്.'[5] മറ്റൊരു കത്തിൽ, വിശ്വവിഖ്യാതമായ പാരീസ് സർവ്വകലാശാല പോലെ അല്ലെങ്കിൽ പോർച്ചുഗലിലെ പ്രസിദ്ധമായ കോയമ്പ്ര സർവകലാശാല പോലെ ഭാരതത്തിന്റെ തെക്കേ അറ്റത്തു സ്ഥിതിചെയ്യുന്നത് എന്ന മറ്റൊരു പരാമർശവുമുണ്ട്. കൊച്ചി പോലെതന്നെ കൊടുങ്ങല്ലൂരും മറ്റൊരു പ്രധാനപ്പെട്ട പോർച്ചുഗീസ് കേന്ദ്രമാണെന്ന് അറിയാവുന്ന നമുക്ക് ഫ്രാൻസിസ് സേവ്യറിന്റെ കത്തിലുള്ള ഈ കോളജ്, കേരളത്തിലെ തന്നെ ആദ്യ വൈദിക പരിശീലന കേന്ദ്രമായിരുന്ന കൊടുങ്ങല്ലൂരിലെ സെന്റ് ജയിംസ് കോളജാണെന്ന് അനുമാനിക്കാൻ മതിയായ തെളിവാണ്. 1541 ൽ വിൻസെന്റ് ലാഗോസ് എന്ന മിഷണറി വൈദികൻ ഇവിടെ ആരംഭിച്ച ഈ വൈദിക പരിശീലന കേന്ദ്രത്തെപ്പറ്റി ഫ്രാൻസിസ് സേവ്യർ പാപ്പയ്ക്കും ഇഗ്നേഷ്യസ് ലയോളയ്ക്കും റിപ്പോർട്ടുകൾ അയച്ചിട്ടുണ്ട്.[6] ആ കാലഘട്ടത്തെപ്പറ്റിയുള്ള ഏറ്റവും സത്യസന്ധമായ ചരിത്രരേഖയായി ഇതിനെ കണക്കാക്കാവുന്നതാണ്. വിശുദ്ധന്റെ കൊച്ചിയിലെ താമസത്തിനിടയിൽ കൊടുങ്ങല്ലൂരിലെ ഈ കോളജിലേക്കു നടത്തിയ സന്ദർശനമായിരുന്നു ഇതിനെല്ലാം നിദാനം.[7]


ഉത്തരവാദിത്വങ്ങളിൽ കൃത്യതയും സത്യം പറയുന്നതിൽ ആരെയും കൂസാത്ത ഭാവവുമുണ്ടായിരുന്ന ഫ്രാൻസിസ് സേവ്യർ സൗഹൃദം സ്ഥാപിക്കുന്നതിലും അത് നിലനിറുത്തുന്നതിലും മിടുക്കനായിരുന്നു. പോർച്ചുഗീസ് അധിനിവേശപ്രദേശങ്ങളിൽ നിരവധി സുഹൃത്തുക്കളുണ്ടായിരുന്ന അദ്ദേഹത്തിന്റെ ഉറ്റ ചങ്ങാതിയായിരുന്നു കൊടുങ്ങല്ലൂരിലെ കോളജിന്റെ റെക്ടറായിരുന്ന ഫാ. വിൻസെന്റ് ലാഗോസ്.[8]

അങ്ങനെ കൂട്ടുകാരന്റെ സ്നേഹപൂർവ്വകമായ അഭ്യർത്ഥനപ്രകാരം കോളജിലെ വൈദികാർത്ഥികൾക്ക് ലത്തീൻ വ്യാകരണ പരിശീലനത്തിനായാണ് ഫ്രാൻസിസ് സേവ്യർ കൊടുങ്ങല്ലൂരെത്തിയത്. ഒപ്പം ഞായറാഴ്ചകളിലും തിരുനാളവസരങ്ങളിലും വൈദികാർത്ഥികളോടും കൊടുങ്ങല്ലൂരിലെ മാർതോമാ ക്രിസ്ത്യാനികളോടും പ്രസംഗിക്കാനും വിശുദ്ധൻ സമയം കണ്ടെത്തിയിരുന്നു.

1541-ൽ കൊച്ചിയിലെ മുഖ്യദേവാലയത്തിന്റെ റെക്ടറായിരുന്ന ഡോം മൈക്കിൾ വാസിന്റെ സഹായ സഹകരണത്തോടെ ആരംഭിച്ച വൈദിക പരിശീലന കേന്ദ്രത്തിൽ പഠിച്ചിരുന്ന മാർതോമാ ക്രിസ്ത്യാനികളായ യുവാക്കളിൽ ചിലർ 1547 ൽ ലത്തീൻ ക്രമത്തിൽ തിരുപ്പട്ടം സ്വീകരിച്ച് കൊടുങ്ങല്ലൂരിൽ നിന്നു കൊച്ചി ഭാഗത്തും പോയി പ്രവർത്തിച്ചു. അങ്ങനെ അവിടെ ധാരാളംപേർ ലത്തീൻ കത്തോലിക്കാ സഭയിലേക്ക് പരിവർത്തനം ചെയ്യപ്പെട്ടു. കൂടാതെ മറ്റു ചിലർ ഭാരതത്തിന്റെ ഇതരഭാഗങ്ങളിലും പുറത്തുംപോയി സുവിശേഷപ്രഘോഷണം നടത്തി. അതിൽത്തന്നെ ഏതാനും വൈദികർ രക്തസാക്ഷികളുമായി. 17-ാം നൂറ്റാണ്ടിലെ ഡച്ച് ആക്രമണത്തിൽ പോർച്ചുഗീസ് ശക്തികേന്ദ്രമായ കൊടുങ്ങല്ലൂരിന്റെ പ്രതാപം അസ്തമിക്കുകയും സെന്റ് ജയിംസ് കോളജ് വിസ്മൃതിയിലാണ്ടുപോവുകയും ചെയ്തെങ്കിലും അതിന്റെ അണുരണനങ്ങൾ ഇന്നും ഇവിടെ നിലനിൽക്കുന്നതായി മനസ്സിലാക്കാം.

ഫ്രാൻസിസ് സേവ്യറിന്റെ കൊടുങ്ങല്ലൂർ സന്ദർശനം, ലത്തീൻ പരിശീലനത്തിനു പുറമേ കോളജിന്റെ ഭാവി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിനും ഉപകരിച്ചിരുന്നു. ഫ്രാൻസിസ്കൻ വൈദികരുടെ അഭാവം നിമിത്തം കൊടുങ്ങല്ലൂർ കോളജിന്റെ മേല്നോട്ടം ഒറ്റയ്ക്കു നിർവഹിച്ചിരുന്ന ഫാ. ലാഗോസ്, തന്റെ കാലശേഷം സെമിനാരി ഈശോസഭയ്ക്കു വിട്ടുകൊടുക്കാൻ ആഗ്രഹിക്കുന്നതായി അറിയിച്ചപ്പോൾ ഇക്കാര്യം ഫ്രാൻസിസ് സേവ്യർ തന്റെ മേലധികാരികളെ അറിയിച്ചിരുന്നു. കൂടാതെ ഇവിടെയുണ്ടായിരുന്ന മാർതോമാ ക്രിസ്ത്യാനികളോട് പ്രസംഗിക്കുന്നതിനായി ഒരു ഈശോസഭാ വൈദികനെ സ്ഥിരമായി വിട്ടുകൊടുക്കണമെന്നും ഫ്രാൻസിസ് വഴി ഫാ. വിൻസെന്റ് ലാഗോസ്, ഇഗ്നേഷ്യസ് ലയോളയോട് അഭ്യർത്ഥിക്കുകയുണ്ടായി.[10] തുടർന്ന് ഇക്കാര്യങ്ങൾ നടപ്പിലായോ എന്നതിന് ചരിത്രരേഖകളില്ലെങ്കിലും ഫ്രാൻസിസിന്റെ ദൈവസേവന തീക്ഷ്ണതയുടെ ഫലമായി ആത്മീയ പാലകരുടെ അഭാവം നികത്താനും ചെറിയ ചെറിയ വിശ്വാസി സമൂഹങ്ങൾ കൊടുങ്ങല്ലൂരിന്റെ ഉൾപ്രദേശങ്ങളിൽവരെ രൂപപ്പെടാനും ഇടയാക്കിയിട്ടുണ്ട്.

കൊടുങ്ങല്ലൂർ സന്ദർശനത്തിനിടയിലുണ്ടായ മറ്റൊരു പ്രധാന സംഭവം ഇവിടെയുണ്ടായിരുന്ന ദൈവാലയങ്ങൾക്കുവേണ്ടി ഫ്രാൻസിസ് സേവ്യർ നടത്തുന്ന ദണ്ഡവിമോചനാഭ്യർത്ഥനയാണ്. 1549 ജനുവരി 12 ന് ഇഗ്നേഷ്യസ് ലയോളയ്ക്ക് അയച്ച കത്തിലാണ് ഇതിനെക്കുറിച്ച് പരാമർശമുള്ളത്. കൊടുങ്ങല്ലൂർ-കോട്ടപ്പുറം പ്രദേശത്തുണ്ടായിരുന്ന കോളജിനകത്തുള്ള സെന്റ് ജയിംസ് പള്ളിക്കു





അങ്ങ് എനിക്കു ജീവന്റെ മാർഗം കാണിച്ചു തരുന്നു; അങ്ങയുടെ സന്നിധിയിൽ ആനന്ദത്തിന്റെ പൂർണതയുണ്ട്; അങ്ങയുടെ വലത്തുകൈയിൽ ശാശ്വതമായ സന്തോഷമുണ്ട്.
സങ്കീർത്തനം 16:11

വേണ്ടിയും അതിനടുത്തുതന്നെയുള്ള വിശുദ്ധ തോമസിന്റെ നാമധേയത്തിലുള്ള പള്ളിക്കുവേണ്ടിയുമായിരുന്നു ഈ അഭ്യർത്ഥന. ഇതേക്കുറിച്ച് കത്തിൽ ഫ്രാൻസിസ് ഇപ്രകാരം കുറിച്ചുവച്ചിരിക്കുന്നു, 'വിശുദ്ധ തോമാശ്ലീഹയാൽ മാനസാന്തരപ്പെട്ടിട്ടുള്ളവരുടെ സന്താനങ്ങളും തദ്ദേശവാസികളുമായ ആളുകൾ പുണ്യത്തിൽ അഭിവൃദ്ധിപ്പെടുന്നതിനുവേണ്ടി ഈ രണ്ട് വിശുദ്ധരുടെയും തിരുനാൾ ദിനം മുതൽ എട്ടു ദിവസം ഈ രണ്ടു ദൈവാലയങ്ങളും സന്ദർശിക്കുന്ന ഭക്തജനങ്ങൾക്ക് ദണ്ഡവിമോചനം ലഭിക്കുന്നതിനുള്ള അനുമതി പാപ്പയിൽ നിന്ന് വാങ്ങിത്തരണമെന്ന് ഫാ. വിൻസെന്റ് ലാഗോസ് അതിയായി ആഗ്രഹിക്കുന്നു.'[11] സ്വന്തം പാപങ്ങളേറ്റുപറഞ്ഞ് കുമ്പസാരിക്കുകയും വിശുദ്ധ കുർബാന സ്വീകരിക്കുകയും ചെയ്തുകൊണ്ട് കൊടുങ്ങല്ലൂരിലെ ഈ ദൈവാലയങ്ങൾ സന്ദർശിക്കുന്നവർക്കുമാത്രം ദണ്ഡവിമോചനം നല്കണമെന്നാണ് എന്റെ ആഗ്രഹം. സുവിശേഷ പ്രസംഗം മാത്രമല്ല ഇവിടെയുണ്ടായിരുന്ന ക്രിസ്ത്യാനികളുടെ വിശ്വാസം കൂദാശകളിലൂടെ പരിപോഷിപ്പിച്ച് ദൃഢപ്പെടുത്താൻ ഫ്രാൻസിസ് സേവ്യർ അതിയായ ആഗ്രഹിച്ചിരിന്നുവെന്ന് ഈ കത്ത് സാക്ഷ്യപ്പെടുത്തുന്നു. ഈ ദണ്ഡ വിമോചനാഭ്യർത്ഥനയുടെ പ്രാധാന്യം മനസ്സിലാക്കിയ പാപ്പ, 1551 ഒക്ടോബർ 24-ാം തീയതി വിശുദ്ധ തോമാശ്ലീഹായുടെ ദൈവാലയത്തിലെത്തി പ്രാർത്ഥിക്കുന്നവർക്ക് ദണ്ഡവിമോചനം പ്രഖ്യാപിച്ചതായി രേഖകളുണ്ട്. ഈ വിധമെല്ലാം നമ്മുടെ വിശ്വാസത്തിന് അടിത്തറ പാകിയ വിശുദ്ധന്റെ പുണ്യപ്രവൃത്തികൾ വഴി നാം ഏറെ ഫ്രാൻസിസ് സേവ്യറിനോട് കടപ്പെട്ടിരിക്കുന്നു.

നമ്മുടെ വിശ്വാസത്തിന് പൊൻ വെട്ടം തെളിച്ചുതന്ന വിശുദ്ധ ഫ്രാൻസിസ് സേവ്യർ എന്ന മഹാദീപത്തെ നമ്മുക്ക് മറക്കാനാവില്ല. വിശുദ്ധന്റെ മുഖ്യപ്രവർത്തനരംഗം മലബാറിന്റെ തെക്കൻ കടലോരപ്രദേശങ്ങളായിരുന്നെങ്കിലും, കൊടുങ്ങല്ലൂരിലെ ക്രിസ്ത്യാനികളെ വിശ്വാസത്തിൽ സ്ഥിരപ്പെടുത്താനും നിരവധി പേരെ കത്തോലിക്കാവിശ്വാസത്തിലേക്കാനയിക്കാനും ഇവിടേയ്ക്കുള്ള അദ്ദേഹത്തിന്റെ ഹ്രസ്വസന്ദർശനങ്ങൾക്കു സാധിച്ചു എന്നുള്ളതിൽ തർക്കമില്ല. ചരിത്രവഴികളിലൂടെ നടന്ന് കോട്ടപ്പുറം രൂപത റൂബി ജൂബിലി നിറവിലേക്ക് നടന്നടുക്കുമ്പോൾ വിശ്വാസം പകർന്നുതന്ന ആ ധന്യപിതാവിന്റെ മക്കളായ നമ്മുടെ മനസ്സ്, ദൈവസ്നേഹാഗ്നിയാൽ എരിഞ്ഞ് പ്രശോഭിക്കേണ്ടതാണ്. ദരിദ്രരും നിരാലംബരുമായവരോട് പക്ഷം ചേർന്ന വിശുദ്ധനെപ്പോലെ നിസ്സഹായന്റെ നിലവിളികൾക്ക് കാതോർക്കാനാവണം. "കർത്താവേ ഞാൻ അങ്ങയിൽ എന്നും എന്റെ പ്രതീക്ഷ സമർപ്പിച്ചിരിക്കുന്നു, ഞാൻ ഒരിക്കലും ഭഗ്നാശനാകാതിരിക്കട്ടെ" എന്ന അദ്ദേഹത്തിന്റെ അവസാന വാക്കുകളിൽ കാണുന്ന പ്രത്യാശ നമുക്ക് സ്വന്തമാക്കാനാവണം. അങ്ങനെ ഈ ജൂബിലിയാഘോഷം അർത്ഥവത്താക്കാൻ ഒരു കൈയിൽ ശൂന്യവൽക്കരണത്തിന്റെ കുരിശും മറുകൈയിൽ വിശ്വാസത്തിന്റെ മെഴുകുതിരിയുമേന്തി ആത്മീയ യാത്രചെയ്യാം. ■

**അടിക്കുറിപ്പുകൾ :**


1. John J. Delaney, 'Pocket Dictionary of Saint', New York, 1983, p 198.
2. Teotonio R. De Souza and Charles J. Borges, 'Jesuits in India: In Historical Perspective', Jesuit Documentation Series, No.1, Macau, 1992. P162.
3. P. Rayanna, 'St. Francis Xavier and His Shrine,' 4 ed; Goa, 2007, P.146.
4. Geroge Schurhammer, 'Francis Xavier, His life, His Times Vol III, Rome, 1980, P.154
5. Joseph M. Costelloe, The letters and Instructions of Francis Xavier Gujarat, 1993, p. 221-222-
6. കേരള ഹിസ്റ്ററി അസ്സോസിയേഷൻ, 'കേരളചരിത്രം' കൊച്ചി, 1974, പേജ് 464
7. എ. ശ്രീധരമേനോൻ, 'കേരളചരിത്രം', മദ്രാസ്, 1995, പേജ് 295
8. Ibid; p-111
9. Ibid; p-111
10. Ibid; p-222
11. Ibid; p-222





# ഈശോയുടെ ജനനം



**ഫാ. സിജോ വേലിക്കകത്തോട്ട്**
മതബോധന ഡയറക്ടർ

**മ**ഞ്ഞിൻ ഈറനണിഞ്ഞ രാവിൽ കാലിത്തൊഴുത്തിൽ രക്ഷകൻ വന്നു പിറന്ന ക്രിസ്തുമസ് ആഗതമാവുകയാണ്. അത്ഭുതകരമായ ഈ ജനനത്തെക്കുറിച്ച് എന്താണ് സഭ പഠിപ്പിക്കുന്നത് എന്നു പരിശോധിക്കാം. **"പരിശുദ്ധാത്മാവിനാൽ ഗർഭസ്ഥനായി കന്യകാമറിയത്തിൽ നിന്നു പിറന്നു"** എന്ന് സഭയുടെ വിശ്വാസപ്രമാണത്തിൽ നാം ഏറ്റുപറയുന്നു. രണ്ട് വിശ്വാസ സത്യങ്ങളാണ് നാം ഇവിടെ ഏറ്റുപറയുന്നത്. ഒന്ന്, ഈ ജനനം പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്തിലൂടെയാണ് സംഭവിച്ചത്; രണ്ട്, ഈശോയുടെ അമ്മയാണ് പരിശുദ്ധ മറിയം, മാത്രമല്ല അവൾ കന്യകാത്വം നഷ്ടപ്പെടാത്തവളുമാണ്. **കത്തോലിക്കാസഭയുടെ മതബോധന ഗ്രന്ഥവും (CCC) യുവജന മതബോധന ഗ്രന്ഥവും (You Cat)** ഇവയെക്കുറിച്ച് കൃത്യമായ പഠനങ്ങൾ കൈമാറുന്നുണ്ട്.

പരിശുദ്ധ ത്രിത്വത്തിലെ മൂന്നാമനായ പരിശുദ്ധാത്മാവിന്റെ ദൗത്യം എന്താണെന്ന് സഭ പഠിപ്പിക്കുന്നു. കന്യകാമറിയത്തിന്റെ ഉദരത്തെ പവിത്രീകരിക്കുവാനും അവളിൽ നിന്ന് എടുക്കപ്പെട്ട മനുഷ്യ പ്രകൃതിയിൽ പിതാവിന്റെ നിത്യസുതനെ ഗർഭം ധരിക്കാനുമായി അവളെ സജ്ജീകരിച്ചുകൊണ്ട് ദൈവീകമായി ഗർഭധാരണം സാധ്യമാക്കുവാനുമാണ് "കർത്താവും ജീവദാതാവുമായ" പരിശുദ്ധാത്മാവ് അയയ്ക്കപ്പെട്ടത് (CCC 485). തന്റെ പുത്രന്റെ അമ്മയായിരിക്കാൻ ദൈവം ഹവ്വായുടെ സന്താനപരമ്പരയിൽ നിന്ന് കന്യകാമറിയത്തെ തിരഞ്ഞെടുത്തു. **"ദൈവകൃപനിറഞ്ഞവളായ" അവൾ രക്ഷാകർമ്മത്തിന്റെ അത്യുത്തമ ഫലമാണ്** (SC 103).

ദൈവം തന്റെ പുത്രന് ഒരു ശരീരം തയ്യാറാക്കാൻ ഒരു സൃഷ്ടിയുടെ സ്വതന്ത്ര സഹകരണം വേണമെന്ന് തീരുമാനിച്ചു. ഇതിനുവേണ്ടി തന്റെ പുത്രന് അമ്മയാകാൻ ഒരു ഇസ്രായേൽ പുത്രിയെ, ഗലീലിയിലെ നസ്രത്തിൽ നിന്നുള്ള ഒരു യഹൂദ യുവതിയെ, ദാവീദിന്റെ ഗോത്രത്തിൽ പെട്ട "ജോസഫ് എന്നയാളോട് വിവാഹ വാഗ്ദാനം ചെയ്തിരുന്ന" ഒരു കന്യകയെ ദൈവം അനാദിയിലേ തിരഞ്ഞെടുത്തു. ആ കന്യകയുടെ പേര് മറിയം എന്നായിരുന്നു (CCC 487 - 488). പഴയനിയമത്തിലെ അനേകം വിശുദ്ധ സ്ത്രീകൾ തങ്ങളുടെ ദൗത്യനിർവ്വഹണത്തിലൂടെ മറിയത്തിന്റെ ദൗത്യനിർവ്വഹണത്തിനായി കളമൊരുക്കി. ഏറ്റവും ആദ്യം കാണുന്ന പേര് ഹവ്വായുടേതാണ്; അവൾ അനുസരണക്കേട്



ഞാൻ നിന്റെ കണ്ണീർ കാണുകയും പ്രാർഥന കേൾക്കുകയും ചെയ്തിരിക്കുന്നു.
ഞാൻ നിന്നെ സുഖപ്പെടുത്തും.
2 രാജാ 20:15

കാണിച്ചെങ്കിലും ദുഷ്ടന്റെമേൽ വിജയം വരിക്കുന്ന സന്തതിയെക്കുറിച്ചുള്ള വാഗ്ദാനവും, ജീവിക്കുന്ന സർവ്വരുടെയും മാതാവായിരിക്കുമെന്നുള്ള വാഗ്ദാനവും അവൾക്ക് ലഭിക്കുന്നു. ഈ വാഗ്ദാനപ്രകാരം സാറാ വാർദ്ധക്യഗ്രസ്തയായിരുന്നിട്ടുപോലും ഒരു പുത്രനെ ഗർഭം ധരിക്കുന്നു. മാനുഷിക പ്രതീക്ഷകൾക്കെല്ലാം അതീതമായി തന്റെ വാഗ്ദാനങ്ങളിൽ വിശ്വസ്തനാണെന്നു തെളിയിക്കാൻ ദൈവം ശക്തിഹീനരും ദുർബലരുമായി പരിഗണിക്കപ്പെട്ടിരുന്നവരെ തിരഞ്ഞെടുത്തു; സാമുവലിന്റെ അമ്മയായ ഹന്നാ, ദെബോറ, റൂത്ത്, യൂദിത്ത്, എസ്തേർ എന്നിവർ അവരിൽ ചിലർ മാത്രമാണ്. എന്നാൽ ''ദൈവത്തിൽ നിന്ന് രക്ഷ പ്രതീക്ഷിക്കുകയും സ്വീകരിക്കുകയും ചെയ്യുന്ന കർത്താവിന്റെ പാവപ്പെട്ടവരുടെയും എളിയവരുടെയുമിടയിൽ മറിയം 'സമുന്നതസ്ഥാനം' അർഹിക്കുന്നു (CCC 489).



അത്യുന്നതന്റെ പുത്രന് ജന്മം നൽകും എന്ന അറിയിപ്പ് ലഭിച്ചയുടൻ മറിയം വിശ്വാസത്തിന്റെ വിധേയത്വത്തോടെ, "ദൈവത്തിന് അസാധ്യമായി യാതൊന്നുമില്ല" എന്ന ഉറപ്പോടെ പ്രതിവചിച്ചു; "ഇതാ, കർത്താവിന്റെ ദാസി, നിന്റെ വാക്കുപോലെ എന്നിൽ സംഭവിക്കട്ടെ." മറിയത്തിന്റെ ഈ പ്രത്യുത്തരം ചരിത്രത്തിലെ ഏറ്റവും പ്രധാനപ്പെട്ട വാക്കാണ് എന്ന് ജർമ്മൻ എഴുത്തുകാരനായ റൈനോ ഹൾഡ് ഷ്നൈഡർ നിരീക്ഷിക്കുന്നു. ദൈവത്തിന്റെ വാക്കിന് ഇങ്ങനെ പ്രത്യുത്തരം നൽകിയതിനാൽ മറിയം യേശുവിന്റെ അമ്മയായി മാറി. മറിയത്തെ സുവിശേഷകർ ഈശോയുടെ അമ്മ എന്നു വിശേഷിപ്പിക്കുന്നുണ്ട്. ഏലീശ്വായാകട്ടെ മറിയം പുത്രന് ജന്മം നൽകുന്നതിനു മുൻപുതന്നെ ആത്മാവിനാൽ പ്രചോദിതയായി "എന്റെ കർത്താവിന്റെ അമ്മ" എന്ന് പ്രകീർത്തിക്കുന്നു. മറിയത്തിന്റെ ഉദരത്തിൽ പരിശുദ്ധാത്മാവിനാൽ മനുഷ്യനായി അവതരിച്ചവൻ പരിശുദ്ധ ത്രിത്വത്തിലെ രണ്ടാമത്തെ വ്യക്തിയും പിതാവിന്റെ നിത്യപുത്രനുമായതിനാൽ തിരുസഭ ഉദ്ഘോഷിക്കുന്നു; "മറിയം യഥാർത്ഥത്തിൽ ദൈവത്തിന്റെ അമ്മയാണ്'' (Theotokos) (CCC 494 - 495). മറിയം ദൈവത്തിന്റെ കേവലം നിഷ്ക്രിയമായ ഒരു ഉപകരണമായിരുന്നില്ല. കാരണം ദൈവത്തിന്റെ മനുഷ്യാവതാരം അവളുടെ സജീവമായ സമ്മതംകൊണ്ടാണ് സംഭവിച്ചത്. "ചെറുതാകാൻ കഴിയത്തക്കവിധം അത്രവലിയവനാണ് ദൈവം. തന്നെത്തന്നെ ദുർബലനാക്കാനും, നമുക്ക് അവിടുത്തെ സ്നേഹിക്കാൻ സാധിക്കുന്നതിനും വേണ്ടി ശിശുവായി നമ്മിലേക്ക് വരാനും കഴിയത്തക്കവിധം ദൈവം അത്രമാത്രം ശക്തനാണ്" എന്ന ബെനഡിക്ട് പതിനാറാമൻ പാപ്പയുടെ വാക്കുകളോടെ ഈ കുറിപ്പ് അവസാനിപ്പിക്കുന്നു.

*ഏവർക്കും ക്രിസ്മസിന്റെ*
*ആശംസകൾ...*

■

നിന്റെ ദൈവവും കർത്താവുമായ ഞാൻ നിന്റെ വലത്തുകൈ പിടിച്ചിരിക്കുന്നു. ഞാനാണു പറയുന്നത്, ഭയപ്പെടേണ്ടാ. ഞാൻ നിന്നെ സഹായിക്കും.

ഏശയ്യാ 41:13



# ശൗര്യാർ പുണ്യാളന്റെ സമ്പാളൂർ

**ഫാ. റെക്സൺ പങ്കേത്ത്**

**സെ**ന്റ് ഫ്രാൻസിസ് സേവ്യർ, വി. ജോൺ ബ്രിട്ടോ, ജോസഫ് കോൺസ്റ്റന്റൈൻ ബസ്കി, അർണോസ് പാതിരി തുടങ്ങിയ സമർപ്പിത പ്രേഷിത ചേതസ്സുകളുടെ പാദം പതിഞ്ഞ പുണ്യഭൂമിയാണ് സമ്പാളൂർ. സെന്റ് ഫ്രാൻസിസ് സേവ്യറിൽ നിന്നാണ് "സമ്പാളൂർ" എന്ന പേരിന്റെ ഉൽപ്പത്തി. സെന്റ് പോൾ + ഊർ = സമ്പാളൂർ. വി. പൗലോസ് അപ്പസ്തോലന്റെ നാമധേയത്തിൽ ഈശോസഭാ വൈദികർ സ്ഥാപിച്ച സെന്റ് പോൾ ആശ്രമവും സെന്റ് പോൾസ് സെമിനാരിയും സെന്റ് പോൾ പ്രസ്സും നിന്ന സ്ഥലം കാലക്രമത്തിൽ മലയാളീകരിച്ചപ്പോഴാണ് സമ്പാളൂരായത്. 1542 സെപ്തംബറിൽ ഗോവയിൽ നിന്ന് കന്യാകുമാരി, തൂത്തുക്കുടി തുടങ്ങിയ തീരപ്രദേശങ്ങളിലൂടെയുള്ള പ്രേഷിത പ്രവർത്തനത്തിനിടയിൽ കാലാവസ്ഥ മോശമായതിനാൽ വി. ഫ്രാൻസിസ് സേവ്യർ സഞ്ചരിച്ച കപ്പൽ കൊടുങ്ങല്ലൂർ തുറമുഖത്തു നങ്കൂരമിടുകയും ചെറിയ പായ്‌വഞ്ചികളിൽ ചാലക്കുടിയാറിലൂടെ മാരാകുളി വഴി സമ്പാളൂരിൽ എത്തിയെന്നും തുടർന്ന് 1544 ലും 1548 ലും രണ്ടു പ്രാവശ്യം പുണ്യവാളന്റെ പാദസ്പർശം ഈ മണ്ണിൽ പതിഞ്ഞുവെന്നും പാരമ്പര്യങ്ങൾ ചരിത്രം സാക്ഷിക്കുന്നു. 1781 ൽ ടിപ്പുസുൽത്താന്റെ ആക്രമണത്തിൽ പള്ളിയും സെമിനാരിയും പ്രസ്സും നശിപ്പിക്കപ്പെട്ടു. 1862 – വരാപ്പുഴ വികാരി അപ്പോസ്തലിക്ക ബെർണാഡിനോസ് തിരമേനിയുടെ നിർദ്ദേശപ്രകാരം ദൈവാലയവും പുനഃരുദ്ധരിച്ചു. 1979 ലും വീണ്ടും പുതിയ പള്ളിയായി ഉയർത്തി.

വി. ഫ്രാൻസിസ് സേവ്യർ മൂന്നു പ്രാവശ്യമായി 39 ദിവസം ഇവിടെ താമസിച്ചതിന്റെ തിരുസാന്നിദ്ധ്യം ഇന്നും ഈ തീർത്ഥാടന കേന്ദ്രത്തിൽ പ്രകടമാണ്. ഇവിടെ നടക്കുന്ന അത്ഭുതങ്ങളും അടയാളങ്ങളും രോഗശാന്തിയുമാണ് ദൃഷ്ടാന്തം. പ്രധാനമായും മൂന്ന് തിരുശേഷിപ്പുകളാണ് ഇവിടെ പവിത്രമായി സൂക്ഷിച്ചിരിക്കുന്നത്.

1. വി. ഫ്രാൻസിസ് സേവ്യറിന്റെ 500-ാം ജന്മവാർഷികത്തോട് അനുബന്ധിച്ച് റോമിൽ നിന്നും കൊണ്ടുവന്ന വലതു കൈയുടെ എല്ലിന്റെ ഒരു ഭാഗവും സ്പെയ്നിൽ നിന്നും കൊണ്ടുവന്ന അൽഭുത തിരുസ്വരൂപവും ഇന്നും ഇവിടെ വണങ്ങിക്കൊണ്ടിരിക്കുന്നു.

2. വിശുദ്ധന്റെ ത്വക്കിന്റെ ഒരു ഭാഗവും കൂടാതെ, ഭൗതിക ശരീരത്തിൽ നേരിട്ട് തൊടുവിച്ച കുരിശുരൂപവും തിരുശേഷിപ്പായി ഉണ്ട്.



*എന്നാൽ, യൂദാഗോത്രത്തോടു ഞാൻ കരുണ കാണിക്കും. വില്ലോ വാളോയുദ്ധമോ കുതിരയോ കുതിരപ്പട്ടാളമോ അല്ല അവരുടെ ദൈവമായ കർത്താവുതന്നെ അവരെ രക്ഷിക്കും.*

ഹോസിയ 1:7




3. വി. ജോൺ ബ്രിട്ടോ രക്തസാക്ഷിത്വം വരിച്ച ഒരുയൂരിലെ മണ്ണും, വി. ജോൺ ബ്രിട്ടോ, അർണോസ് പാതിരി, കോൺസ്റ്റന്റൈൻ ബസ്കി, തുടങ്ങിയവർ ധരിച്ച തിരുവസ്ത്രങ്ങളും, പഴയ അൾത്താരയും, ഈശോ സഭാ വൈദികർ ഉപയോഗിച്ചിരുന്ന ലത്തീൻ ഭാഷയിലുള്ള കുർബാന പുസ്തകങ്ങളും സൂക്ഷിച്ചിരിക്കുന്നു.

പോർച്ചുഗീസ് മിഷണറിമാർ എവിടെ മിഷണറി പ്രവർത്തനം നടത്തുന്നുവോ അവിടെത്തന്നെ അവരെ മരണാനന്തരം സംസ്കരിക്കുകയായിരുന്നു പതിവ്. തിരിച്ചറിയാൻ കഴിയാത്തവിധം ഇവിടുത്തെ മണ്ണിൽ അലിഞ്ഞുചേർന്ന അനേകം വിദേശ മിഷനറിമാരുടെ പുണ്യസാന്നിദ്ധ്യം സമ്പാളൂർ ദൈവാലയത്തിനുണ്ട്. 1747 ൽ 67-ാമത്തെ വയസ്സിൽ ഇവിടെ നിര്യാതനാവുകയും സംസ്കരിക്കപ്പെടുകയും ചെയ്ത പ്രസിദ്ധ തമിഴ് കവി 'വീരമാമുനീവർ' എന്നറിയപ്പെടുന്ന ഫാ. ജോസഫ് കോൺസ്റ്റന്റൈൻ ബസ്കി അടുത്തകാലത്തായി വിശുദ്ധനായി ഉയർത്താനുള്ള നടപടി റോമിൽ ആരംഭിച്ചിരിക്കുന്നതിനാൽ ഈ പുണ്യഭൂമിക്ക് അത് വലിയ തിലകക്കുറിയായിരിക്കും. ഏറ്റവും പുതിയ ദൈവാലയ നിർമ്മാണ സമയത്ത് ദൈവാലയത്തിന്റെ മുൻവശത്തുള്ള ഭൂമിയുടെ അന്തർഭാഗത്തായി, വി. ഫ്രാൻസിസ് സേവ്യർ പുണ്യവാളൻ ജ്ഞാനസ്നാനം നൽകുവാൻ പണികഴിച്ച ചതുരാകൃതിയിലുള്ള കിണർ കണ്ടുകിട്ടുകയും അതു വളരെ വിശുദ്ധിയോടെ കാത്തുസൂക്ഷിക്കുകയും അതിലെ ജലം അനേകായിരങ്ങൾക്ക് രോഗശാന്തി ലഭിക്കുകയും ചെയ്യുന്നു. ഈ ദൈവാലയത്തിലേക്ക് എല്ലാ തീർത്ഥാടകരേയും ശൗര്യാർ പുണ്യാളന്റെ നാമധേയത്തിൽ സ്വാഗതം ചെയ്യുന്നു.

ഇവിടുത്തെ തിരുക്കർമ്മങ്ങളുടെ സമയം: തിങ്കൾ മുതൽ വെള്ളി വരെ രാവിലെ 6 മണിക്കും 7 മണിക്കും 7. 45 നും (കാടുകുറ്റി പള്ളിയിൽ) വിശുദ്ധ കുർബാനയർപ്പണവും, ശൗര്യാർ ദിനമായ ശനിയാഴ്ചകളിൽ രാവിലെ 6.30 നും 10 മണിക്കും വൈകുന്നേരം 5.30 നും വിശുദ്ധ കുർബാനയും നൊവേനയും ആരാധനയും നടത്തിവരുന്നു. ഞായറാഴ്ചകളിൽ രാവിലെ 6.15 നും 8.30 നും 10. 30 നും (കാടുകുറ്റി പള്ളിയിൽ) വൈകുന്നേരം 5 നും (ഇംഗ്ലീഷ്) കുർബാനയും നടത്തിവരുന്നു.



AN EYE FOR AN EYE

# പണി വരുന്ന വഴികൾ



ഫാ. രൂപേഷ് മൈക്കിൾ കളത്തിൽ

**ച**ലച്ചിത്ര ആസ്വാദന മേഖലയിൽ ആവിഷ്കാര സ്വാതന്ത്ര്യവും അഭിപ്രായ സ്വാതന്ത്ര്യവും പരസ്പരം ഏറ്റുമുട്ടുന്നത് ഇതാദ്യമല്ല. ഇതിൽ ഒടുവിലത്തെ സംഭവമാണ് കഴിഞ്ഞമാസം പുറത്തിറങ്ങിയ പണിയെന്ന സിനിമയുമായി ബന്ധപ്പെട്ട സോഷ്യൽ മീഡിയകളിൽ നടന്നു കൊണ്ടിരിക്കുന്ന വിവാദം. ആദർശ് എന്ന ഗവേഷക വിദ്യാർത്ഥി ഈ സിനിമയിൽ ഷൂട്ട് ചെയ്ത റേപ്പ് സീനിനെ കുറിച്ചുള്ള വിമർശനാത്മകമായ പരാമർശങ്ങൾ സോഷ്യൽ മീഡിയയിൽ പോസ്റ്റ് ചെയ്തതാണ് ഈ വിവാദത്തിന്റെ തുടക്കം. അതിനെതിരെ സംവിധായകനും നായകനും നിർമാതാവുമായ ജോജു ജോർജ് ആദർശിനെ വിളിച്ച് ഭീഷണിപ്പെടുത്തിയത് ഏറെ വിവാദമായിരുന്നു. സിനിമയ്ക്കെതിരെ വിമർശനാത്മകമായ പോസ്റ്റിട്ടതല്ല തന്നെ ചൊടിപ്പിച്ചത്, പല സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകളിലും തന്റെ സിനിമയെ കുറിച്ചുള്ള നെഗറ്റീവ് കമന്റുകൾ പോസ്റ്റ് ചെയ്യുകയും ഈ സിനിമയ്ക്ക് ആരും പോകരുത് എന്നു പറയുകയും ചെയ്തതാണ് ആദർശിനെ വിളിച്ച് ഭീഷണിപ്പെടുത്തുവാൻ കാരണമെന്ന് ജോജു പറയുകയുണ്ടായി. ഒരു സിനിമക്കെതിരെ അഭിപ്രായം പറയാൻ തനിക്ക് പൂർണ്ണമായ സ്വാതന്ത്ര്യം ഉണ്ടെന്ന് ആദർശും അഭിപ്രായപ്പെടുകയുണ്ടായി. പതിവുപോലെ അനുകൂലിച്ചും പ്രതികൂലിച്ചും ഒരു കൂട്ടം ആളുകൾ ഈ സിനിമയെ കുറിച്ചുള്ള ചർച്ച നടത്തിക്കൊണ്ട് സോഷ്യൽ മീഡിയകളിൽ സജീവമായി.

രണ്ടു തരത്തിലാണ് സിനിമ നമ്മുടെ സമൂഹത്തിൽ ഇടപെടുന്നത്. ഒന്നിതിന്റെ ആസ്വാദന തലമാണ്. ഇത് തികച്ചും വ്യക്തിപരമാണ്. ഒരാൾക്ക് ഹൃദ്യമായി തോന്നുന്ന കഥാസന്ദർഭങ്ങൾ മറ്റൊരാൾക്ക് അങ്ങനെ ആയിക്കൊള്ളണമെന്നില്ല. ഇതിൽ നിന്നുമാണ് ഒരു സിനിമയെ കുറിച്ചുള്ള വ്യത്യസ്തമായ അഭിപ്രായങ്ങൾ രൂപം കൊള്ളുന്നത്. രണ്ടാമതായി സിനിമ വളരെ വലിയ സാമ്പത്തിക മുടക്കുള്ള ജോലി സാധ്യതകൾ ഉള്ള നിർമ്മാണ വിപണന മേഖലയാണ്. ബോക്സ് ഓഫീസിൽ തകർന്നുപോകുന്ന സിനിമകൾ നിർമ്മാതാക്കൾക്കും അതുമായി ബന്ധപ്പെട്ട പ്രവർത്തിക്കുന്ന ഒരുപാട് ആളുകൾക്കും സാമ്പത്തികവും മാനസികവുമായ തകർച്ചകളാണ് സമ്മാനിക്കുന്നത്. അതിനാൽ സിനിമ വിജയിപ്പിക്കുവാനുള്ള എല്ലാ സാധ്യതകളും നിർമാതാക്കളും സംവിധായകരും പ്രയോജനപ്പെടുത്താറുണ്ട്. ഓരോ പുതിയ സിനിമകൾ ഇറങ്ങുമ്പോഴും അവയെ നിരൂപണ വിധേയമാക്കുന്ന ആളുകൾ സോഷ്യൽ മീഡിയകളിൽ ഉണ്ട്. ഇങ്ങനെ പ്രത്യക്ഷപ്പെടുന്ന പല സിനിമാനിരൂപണങ്ങളും ശ്രദ്ധിച്ചാൽ നമുക്ക് മനസ്സിലാകും കൃത്യമായ രീതിശാസ്ത്രത്തിന്റെ അടിസ്ഥാനത്തിൽ അല്ല പലരും അഭിപ്രായ

ങ്ങൾ രേഖപ്പെടുത്തുന്നത്. രാഷ്ട്രീയവും പ്രത്യയശാസ്ത്രപരവുമായ വ്യക്തി താൽപര്യങ്ങളോടെ സിനിമയെ തകർക്കുക എന്ന ലക്ഷ്യത്തോടെ സിനിമാ വിമർശനങ്ങൾ നടത്തുന്നവരും ഉണ്ട്. ഇത് അപകടകരമായ പ്രവണതയാണ്. ഇത് തിരിച്ചറിയുകയും നിരുത്സാഹപ്പെടുത്തുകയും ചെയ്യേണ്ടത് അത്യാവശ്യമാണ്. അല്ലെങ്കിൽ അത് സിനിമാ മേഖലയെ തകർക്കുക തന്നെ ചെയ്യും. അതോടൊപ്പം അഭിപ്രായം പറയുന്നവരെ ഭീഷണിയോടെ നേരിടുന്നതും ആരോഗ്യപരമായ കാര്യമല്ല. സിനിമയെ തകർക്കുക എന്ന ഉദ്ദേശത്തോടെ വരുന്ന നിരൂപണങ്ങളെ അതേ രീതിയിൽ തന്നെ നേരിടുകയാണ് വേണ്ടത്.

■

# വി. ഫ്രാൻസിസ് സേവ്യർ



**അഗസ്റ്റിൻ പനച്ചിക്കൽ**
കോട്ടപ്പുറം

**നി**സ്തുല സ്നേഹത്തിൻ
പൊൻപ്രഭ തൂകുന്ന
വിശുദ്ധനാം സെന്റ് സേവ്യറേ
കടലോര മക്കൾക്ക്
നസ്രായനേശുവിൻ
സദ്‌വാർത്തയേകിയ
ക്രൈസ്തവ സ്നേഹത്തിൻ
പ്രിയതാതനെ...
ഇടതുകയ്യിൽ ചെറുമണികിലുക്കിയും
വലതുകയ്യാൽ മരക്കുരിശേന്തിയും
കടൽക്കര താണ്ടി നടപ്പവനെ
പതിതരാം സാധുജനനിക്ക്
യേശുമഹേശന്റെ സ്നേഹഗീതങ്ങൾ
ആമോദപൂർവ്വം ചൊരിഞ്ഞവനേ...!
ഭാരതത്തിൻ രണ്ടാം അപ്പസ്തോലനായി
പൂർവ്വദിക്കിൽ എത്തിയോനെ
മഹിമയോടെന്നെന്നും
വാഴ്ത്തിടുമങ്ങയെ
സ്നേഹവായ്പോടെന്നും
നമിച്ചിടുന്നേൻ
അങ്ങേ തൃപ്പാദെ
അണയുന്നോരേവർക്കും
നൽവരമേകിയനുഗ്രഹിക്ക
കോട്ടപ്പുറത്തെഴും
സെന്റ് ജെയിംസ് സെമിനാരിയിൽ
മൂന്നു ഘട്ടങ്ങളിൽ വസിച്ചവനെ
സെമിനാരിതൻ വളർച്ചയ്ക്കായ്
പാപ്പായ്ക്കു തിട്ടൂരമെഴുതിയ
ശ്രേഷ്ഠനാം ഗൗരിയാരച്ചാ
ചാലക്കുടിയിലെ മാരാംകുഴിയിലെത്തി
വിശ്വാസപൊൻകതിർ വിതറിയോനെ
അങ്ങേ സ്മൃതിക്കായി ഈ സ്ഥലമിന്നും
സമ്പാളൂരെന്നു വിളിപ്പതിന്നും
അങ്ങേ തൃപ്പാദം പതിഞ്ഞ
കോട്ടപ്പുറം കാട്ടുപുറത്തെ
പുണ്യപുരോഹിതനാം കുരിശടിയിൽ
മിറ്റമടിച്ചും, നെയ്ത്തിരി കത്തിച്ചും
പ്രാർത്ഥിക്കുന്നേവർക്കും
അത്ഭുതസിദ്ധി ചൊരിഞ്ഞീടുന്ന
സ്നേഹാദീശനാം സെന്റ് സേവ്യറേ
അങ്ങേ തിരുമുൻപിൽ പ്രാർത്ഥിക്കുന്നേവർക്കും
ശാന്തിയും സൗഖ്യവുമേകീടണേ!

■

# കത്തോലിക്കാ സഭയും കരിസ്മാറ്റിക് നവീകരണവും



അനി ജോസഫ്, കൂട്ടുകാട്

രണ്ടാം വത്തിക്കാൻ കൗൺസിലിനുശേഷം സഭയിൽ രൂപം കൊണ്ട ഒരു നവീകരണ പ്രസ്ഥാനമാണ് കരിസ്മാറ്റിക് മൂവ്മെന്റ്. ഈ കൗൺസിലിന് തുടക്കം കുറിച്ച ജോൺ ഇരുപത്തിമൂന്നാമൻ പാപ്പ സഭയിൽ പുതിയ പെന്തക്കുസ്താ അനുഭവം ഉണ്ടാകുന്നതിനുവേണ്ടി പ്രാർത്ഥിക്കാൻ സഭാമക്കളോട് ആഹ്വാനം ചെയ്തിരുന്നു. രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ സമാപനത്തിന് ശേഷം 2 വർഷം കഴിഞ്ഞ് 1967ൽ അമേരിക്കയിലെ പിറ്റ്സ്ബർഗിൽ ഉള്ള ഡ്യൂകെയ്ൻ യൂണിവേഴ്സിറ്റിയിൽ ആണ് കരിസ്മാറ്റിക് നവീകരണത്തിന്റെ ആരംഭം കുറിച്ചത്. ഈ യൂണിവേഴ്സിറ്റിയിലെ ഏതാനും അധ്യാപകരും വിദ്യാർത്ഥികളും അടങ്ങുന്ന ഒരു ചെറുഗണം എല്ലാ വാരാന്ത്യങ്ങളിലും ഒന്നിച്ചിരുന്ന് വിശ്വാസത്തിന്റെ നവോത്ഥാനത്തിനുവേണ്ടി ആത്മാർത്ഥമായി പ്രാർത്ഥിച്ചിരുന്നു. ഫെബ്രുവരിയിലെ ഒരു വാരാന്ത്യ പ്രാർത്ഥനയ്ക്കിടയ്ക്ക് ഇവർക്ക് എല്ലാവർക്കും ഒരു അസാധാരണമായ ദൈവാനുഭവം ഉണ്ടാവുകയും ആദിമസഭയിലേതിന് സമാനമായ പരിശുദ്ധാത്മ അഭിഷേകത്താൽ നിറയുകയും ചെയ്തു. ഈ സംഭവം ഇവരുടെ വിശ്വാസ വളർച്ചയെ ത്വരിതപ്പെടുത്തുകയും സുവിശേഷാധിഷ്ഠിതമായ ഒരു ജീവിതം നയിക്കുവാൻ ഈ സംഭവം അവർക്ക് ഒരു പ്രചോദനമായി തീരുകയും ചെയ്തു. ക്രമേണ ഇത് യൂണിവേഴ്സിറ്റികളിൽ നിന്ന് സന്യാസ ഭവനങ്ങൾ, മറ്റു ക്രൈസ്തവ സ്ഥാപനങ്ങൾ എന്നിവയിലേക്ക് ഈ നവീകരണ തരംഗം വ്യാപിച്ചു തുടങ്ങി. വളരെ വേഗത്തിൽ അമേരിക്കയിൽ എല്ലായിടത്തും വ്യാപിച്ചുകൊണ്ടിരുന്ന കരിസ്മാറ്റിക് നവീകരണത്തെക്കുറിച്ച് വസ്തു



നിഷ്ഠമായി പഠിക്കാൻ അവിടുത്തെ മെത്രാൻ സംഘം ഒരു ദൈവശാസ്ത്ര സംഘത്തെ നിയോഗിച്ചു. തുടർന്ന് 1969 ൽ അമേരിക്കയിലെ ബിഷപ്പ്സ് കോൺഫറൻസ് കരിസ്മാറ്റിക് മുന്നേറ്റത്തിന് അംഗീകാരം നൽകി. താമസം വിനാ വിവിധ രാജ്യങ്ങളിലേക്ക് വ്യാപിച്ചു തുടങ്ങിയ ഈ മുന്നേറ്റത്തിന്റെ ആദ്യ അന്തർദേശീയ സമ്മേളനം 1975ൽ വത്തിക്കാൽ നടന്നു. ഈ സന്ദർഭത്തിൽ പോൾ ആറാമൻ പാപ്പ കരിസ്മാറ്റിക് നവീകരണത്തെ പരിശുദ്ധാത്മാവിന്റെ പ്രത്യേക ഇടപെടലായി പ്രഖ്യാപിച്ചു കൊണ്ട് ഇതിന്റെ നേതൃനിരയിലുള്ളവരെ അഭിനന്ദിച്ചു. 1979 ൽ ജോൺപോൾ രണ്ടാമൻ പാപ്പ കരിസ്മാറ്റിക് മുന്നേറ്റത്തിന്റെ അന്തർദേശീയ ഓഫീസ് ബെൽജിയത്തിൽ നിന്ന് വത്തിക്കാനിലേക്ക് മാറ്റി സ്ഥാപിച്ചു. ഈ മാറ്റം കരിസ്മാറ്റിക് മുന്നേറ്റത്തിന് സഭയുടെ സവിശേഷ ശ്രദ്ധയും പരിഗണനയും ലഭിക്കാൻ ഇടയായി.

ഈ നവീകരണത്തിന്റെ ഫലങ്ങൾ മനസ്സിലാക്കിയ വിവിധ രാജ്യങ്ങളിലെ മെത്രാൻ സംഘങ്ങൾ കരിസ്മാറ്റിക് മുന്നേറ്റത്തിന് പ്രോത്സാഹനവും അംഗീകാരവും നൽകി പ്രോത്സാഹിപ്പിച്ചു. ഇപ്പോൾ ഏകദേശം ഇരുന്നൂറിലധികം രാജ്യങ്ങളിലായി 15 കോടിയോളം കത്തോലിക്കർ ഈ നവീകരണ മുന്നേറ്റവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നു. ആഗോള സഭയിലെ കത്തോലിക്ക കരിസ്മാറ്റിക് നവീകരണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് വേണ്ടി അന്തർദേശീയ സേവന സമിതിയും (ICCRS) ഇതിനുവേണ്ട മാർഗ്ഗനിർദേശങ്ങൾ നൽകുന്നതിനായി വത്തിക്കാനിൽ പാപ്പ നിയോഗിച്ചിരിക്കുന്ന ഒരു മെത്രാപ്പോലീത്തയും ഉണ്ട്. ഓരോ രാജ്യങ്ങളിലെയും കരിസ്മാറ്റിക് പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നത് ദേശീയ സേവന സമിതികൾ ആണ്. അവയ്ക്ക് ഓരോ രാജ്യത്തെയും മെത്രാൻ സംഘം നിയോഗിക്കുന്ന മെത്രാന്മാരായ ഉപദേശകരും ഉണ്ട്. ഈ മുന്നേറ്റത്തിന് കേരളത്തിൽ സംസ്ഥാന തല സേവന സമിതിയുണ്ട് (KST). ഇതിനാവശ്യമായ മാർഗ്ഗ നിർദ്ദേശം നൽകുന്നതിന് KCBC നിയോഗിച്ചിട്ടുള്ള മെത്രാന്മാരും ഉണ്ട്.

സഭയുടെ വളർച്ചയ്ക്ക് വേണ്ടി പ്രവർത്തിക്കുന്ന കരിസ്മാറ്റിക് മുന്നേറ്റം ഈ കാലഘട്ടത്തിൽ പരിശുദ്ധാത്മാവ് നൽകിയ ആത്മീയ വസന്തം തന്നെയാണ്. ■

## മതബോധന അറിയിപ്പുകൾ

| | |
|---|---|
| 2024 ഡിസംബർ 01 | **ഉണ്ണീശോയ്ക്കൊരു കത്ത്, കഥപറയൽ മത്സരം** (രൂപതാതലം) |
| 2024 ഡിസംബർ 15 | **മതാദ്ധ്യാപകർക്കുള്ള സഭാവിജ്ഞാന പരീക്ഷ** (ഇടവകതലം) |
| 2024 ഡിസംബർ 22 | **അഭിവന്ദ്യ പിതാവുമൊത്തുള്ള ക്രിസ്തുമസ് സെലിബ്രേഷൻ** (HM, Secretary & PTA) |

## ഫാമിലി അപ്പസ്തോലേറ്റിന്റെ ഡിസംബർ മാസത്തെ പരിപാടികൾ

**13, 14 & 15 തീയതികളിൽ വിവാഹ ഒരുക്ക കോഴ്സ്**

**15-ാം തീയതി** വിവാഹ ഒരുക്ക കോഴ്സിൽ പങ്കെടുക്കുന്നവരുടെ മാതാപിതാക്കൾക്കുള്ള **സെമിനാർ** ( 2pm - 4 pm)



# അയൽക്കൂട്ടം

ഏശയ്യ 9 : 6 – 7

# ക്രിസ്തുവാണ് എന്റെ പ്രത്യാശ

ഫാ. ജോൺപോൾ കുരിശിങ്കൽ

**ജ**നിച്ച്, ജീവിച്ച്, മരിച്ച്, മാഞ്ഞുപോകുന്നതിനപ്പുറം; മനുഷ്യജീവിതത്തിന് ലക്ഷ്യവും അർത്ഥവുമുണ്ട്... ഓരോ ജീവിതങ്ങളെയും തങ്ങളുടെ ലക്ഷ്യത്തിലേക്കും, മാർഗ്ഗത്തിലേക്കും, പൂർണ്ണതയിലേക്കും നയിക്കുന്നത്, ക്രിസ്തുവിലുള്ള പ്രത്യാശയിലേക്കുള്ള തിരിച്ചറിവാണ്.

പ്രത്യാശ നഷ്ടപ്പെടുമ്പോൾ, മനുഷ്യന്റെ മാർഗ്ഗവും, ലക്ഷ്യവും നശിക്കുന്നു..."പ്രത്യാശ നമ്മെ നിരാശരാക്കുന്നില്ല; കാരണം നമുക്കു നൽകപ്പെട്ടിരിക്കുന്ന പരിശുദ്ധാത്മാവിലൂടെ ദൈവത്തിന്റെ സ്നേഹം നമ്മുടെ ഹൃദയങ്ങളിലേക്ക് ചൊരിയപ്പെട്ടിരിക്കുന്നു (റോമ 5:5). വി. പൗലോസ് അപ്പസ്തോലൻ, റോമിലെ ക്രൈസ്തവ സഭയ്ക്ക് നൽകുന്ന ആത്മീയ പ്രചോദനമാണിത്. പ്രത്യാശയുടെ ഈ സന്ദേശമാണ് വരാനിരിക്കുന്ന ജൂബിലിയുടെ മുന്നൊരുക്കമായി, പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പ വിളംബരം ചെയ്യുന്നതും. ജൂബിലി വർഷം പ്രത്യാശയുടെ കിരണങ്ങൾ സഭയിലെയും സമൂഹത്തിലെയും ഓരോ ജീവിതങ്ങൾക്ക് ലഭ്യമാകണമെന്ന ആഗ്രഹവും മുന്നൊരുക്കങ്ങളും നടന്നുകൊണ്ടിരിക്കുന്നു... പ്രത്യാശ നഷ്ടപ്പെട്ട ജീവിതങ്ങൾക്കുള്ള പ്രതീക്ഷ ക്രിസ്തുവിൽ ജീവിക്കുവാനുള്ള തീക്ഷ്ണത, നഷ്ടങ്ങളിൽ നിന്നും ക്രിസ്തുവാകുന്ന പ്രത്യാശയിലേക്കുള്ള ജീവിതയാത്ര ഈ സന്ദേശമാണ് ജൂബിലിവർഷം നമ്മെ നയിക്കുന്നു...

'Spes Non Confundit' എന്ന തിരുവെഴുത്തിനെ ഇംഗ്ലീഷിലേക്ക് തർജ്ജിമ ചെയ്തിരിക്കുന്നത് 'Hope does not disappoint'എന്നാണ്. പ്രത്യാശ നമ്മെ നിരാശരാക്കുന്നില്ല... പ്രത്യാശ വയ്ക്കുന്നവരുടെ ജീവിതം ക്രിസ്തുവിലാകുമ്പോൾ, അവിടെയൊക്കെ വെളിച്ചമുണ്ട്, പ്രതീക്ഷയുണ്ട്, പച്ചപ്പുണ്ട് എന്നു കാണിക്കുന്ന ഓർമ്മപ്പെടുത്തൽ. ഓരോ തകർന്ന ജീവിതങ്ങൾക്കും പുതുപുത്തൻ ഉണർവ്വു നൽകുന്ന, ക്രിസ്തുവിലുള്ളസുദിനങ്ങൾ...

### മനുഷ്യജീവിതം കൂട്ടായ്മ, പങ്കാളിത്തം, പ്രേഷിതത്വത്തിലൂടെ

ദൈവം, തന്റെ ഛായയിലും സാദൃശ്യത്തിലും മനുഷ്യരെ സൃഷ്ടിച്ചുവെന്നും, സൃഷ്ടിയുടെ മകുടമായി മനുഷ്യനെ ദൈവം തിരഞ്ഞെടുത്തുവെന്നും ഉൽപ്പത്തിയുടെ പുസ്തകത്തിലൂടെ നമ്മെ ഓർമ്മിപ്പിക്കുന്നു. അതുകൊണ്ടു തന്നെയാണ് പരിമിതികൾ ഉണ്ടായിരുന്നിട്ടും, മനുഷ്യരുടെ ഓരോ പ്രതിസന്ധിയിലും കൈവിടാതെ അനുയാത്ര ചെയ്യുന്ന, സംരക്ഷണം നൽകുന്ന ദൈവത്തെ നാം അറിയുന്നതും, രക്ഷാകര ചരിത്രത്തിലൂടെ കുറവുള്ള മക്കളെ വീണ്ടെടുക്കുന്നതും... മനുഷ്യനെപ്പോഴും കുറവുകളുണ്ട്. പൂർണ്ണത തേടിയുള്ള പരക്കംപാച്ചിലിലാണവൻ... പരിപൂർണ്ണതയിലേക്കു പ്രവേശനം നൽകുന്നത് ക്രിസ്തുവെന്ന വാതിലാണ്. അത് പ്രതീക്ഷയുടെ, പ്രത്യാശയുടെ അനുഭവമാണ്...

ജൂബിലി വർഷത്തോടനുബന്ധിച്ചുള്ള എന്ന പ്രത്യാശയെക്കുറിച്ചുള്ള തിരുവെഴുത്തിൽ ജൂബിലിയാഘോഷം എന്നത് നഷ്ടപ്പെട്ടതിനെ തിരികെ കൊണ്ടുവരാനും, ക്രിസ്തുവിൽ ജീവിക്കുവാൻ നമ്മെ ഉത്തേജിപ്പിക്കുന്ന, നാളെയുടെ പുതുമയെയും ഇന്നലെകളുടെ ദൈവസാന്നിദ്ധ്യ അനുഭവങ്ങളെയും, എന്നും കൂടെ നടക്കുന്ന ദൈവത്തിന്റെ ഇന്നിന്റെ പ്രവർത്തനങ്ങളെയും പ്രത്യാശയോടെ കാണാൻ സഹായിക്കലാണ്... അതുകൊണ്ടു തന്നെ ഈ ജൂബിലിയാഘോഷം ലക്ഷ്യം വയ്ക്കുന്ന ചില പ്രതീക്ഷകളും ഓർമ്മപ്പെടുത്തലുകളും പരിശുദ്ധ പിതാവ്, ഈ തിരുവെഴുത്തിൽ സൂചിപ്പിക്കുന്നത്. എല്ലാറ്റിനും ഉപരിയായി, ജൂബിലിയാഘോഷം വരാനിരിക്കുന്ന ഈശോമിശിഹായെ പ്രതീക്ഷയോടെ പ്രത്യാശയോടെ കാത്തിരിക്കാൻ നമുക്ക് ഉണർവ്വുനൽകുന്ന സുദിനം.

ഇപ്രകാരം ക്രിസ്തുവിലുള്ള പ്രതീക്ഷയിൽ ആശ്രയിക്കാനുള്ള ദിവസങ്ങളായി ഓരോ ക്രൈസ്തവനും പ്രതീക്ഷ നൽകുന്ന ഓർമ്മപ്പെടുത്തലുകൾ പരിശുദ്ധ പിതാവ് തന്റെ തിരുവെഴുത്തിൽ അടയാളപ്പെടുത്തുന്നുണ്ട്.

## പ്രത്യാശ നഷ്ടപ്പെടാതിരിക്കട്ടെ

“ഇടവിടാതെ പ്രാർത്ഥിക്കുവിൻ. എല്ലാ കാര്യങ്ങളിലും നന്ദി പ്രകാശിപ്പിക്കുവിൻ. ഇതാണ് യേശുക്രിസ്തുവിൽ നിങ്ങളെ സംബന്ധിച്ചുള്ള ദൈവഹിതം” (1 തെസലോനി 5:17-18). ഓരോ ക്രൈസ്തവന്റെയും ജീവിതം പൂർണ്ണമാകുന്നത് പ്രാർത്ഥനയെന്ന ക്രിസ്തുബന്ധത്തിലേക്കാണ്... അവന്റെ ഇഷ്ടം അന്വേഷിച്ചുള്ള യാത്രയിൽ, ദൈവഹിതങ്ങളിൽ പ്രത്യാശ വയ്ക്കുന്നവരാകാൻ ഈ വചനം നമുക്ക് പ്രചോദനമാകുന്നു.

ഓരോ കാലഘട്ടങ്ങളിലും ജീവിക്കുന്ന ഓരോ ജീവിതാന്തസ്സിലുമുള്ള മനുഷ്യർക്ക് ഉണർവ്വേകുന്നത് അവനിൽ എത്തിച്ചേരേണ്ടവരാണ് നമ്മളെല്ലാം എന്ന ബോധ്യവും പ്രത്യാശയുമാണ്... അതിനുള്ള പോരാട്ടമാണ് ഈ ഭൂമിയിലെ ജീവിതം. പ്രതീക്ഷകൾ നഷ്ടപ്പെടുന്ന അവസരങ്ങളിൽ വചനം ഓർമ്മപ്പെടുത്തുന്നതുപോല ഇടവിടാതെയുള്ള പ്രാർഥനയിലൂടെയുള്ള ക്രിസ്തുവുമായി ബന്ധം ഉണ്ടാകട്ടെ... ഇപ്രകാരം ക്രിസ്തുവുമായുള്ള പ്രത്യാശ നിറഞ്ഞ ബന്ധത്തിൽ ജീവിത മാതൃകയായവർ ക്രൈസ്തവ സഭയുടെ മാതൃകകളും, നമുക്കുള്ള മദ്ധ്യസ്ഥരുമായി. അതുകൊണ്ടുതന്നെ ക്രിസ്തുകൂട്ടായ്മകളൊക്കെ അപ്രകാരം ജീവിച്ചവരെ ക്രിസ്തുവിന്റെ ചില മുഖങ്ങളായും വാക്കുകളായും സാന്നിദ്ധ്യമായും കാരുണ്യമായും ഇന്നും കാണുന്ന, ക്രിസ്തുവിലേക്കടുപ്പിക്കുന്ന വഴിവെളിച്ചങ്ങളാക്കി മാറ്റി. പ്രത്യാശ നൽകുന്ന ക്രിസ്തു അനുഭവങ്ങളിലേക്ക്, പ്രതീക്ഷയോടെ ഈ ജൂബിലി ദിനം ആഗതമാകട്ടെ.

**ചർച്ചയ്ക്ക്:**

1. *പ്രതീക്ഷകൾ നഷ്ടപ്പെടുന്ന അവസരങ്ങളിൽ ക്രിസ്തുവിൽ നാം പ്രത്യാശയർപ്പിക്കുന്നവരാണോ? ക്രിസ്തുവിൽ പ്രതീക്ഷകൾ അർപ്പിക്കാൻ ഞാൻ എന്റെ കൂട്ടായ്മകളിലും സഭയിലും എപ്രകാരം ജീവിക്കുന്നു?*
2. *വിശ്വാസ രൂപീകരണത്തിലൂടെ നമ്മുടെ കുടുംബങ്ങളെയും വ്യക്തിജീവിതങ്ങളെയും എപ്രകാരം, ക്രിസ്തുവിൽ പ്രത്യാശയുള്ള വരാകാൻ ശ്രമിക്കുന്നുണ്ട്?*

**പ്രവർത്തനത്തിന്:**

1. *പരിശുദ്ധ കുർബാനയും അനുരഞ്ജന കൂദാശയും ക്രിസ്തുവിലുള്ള പ്രത്യാശയിൽ ജീവിക്കാൻ അനുഭവമാക്കാം.*
2. *നിരാശയിൽ വീഴുമ്പോൾ എല്ലാറ്റിലും ക്രിസ്തുവിന്റെ ഇഷ്ടം അന്വേഷിക്കുന്ന പ്രത്യാശ നിറഞ്ഞ മക്കളാകാം.*

■

# രൂപത വാർത്തകൾ

## സൗജന്യ നേത്ര പരിശോധന തിമിര ശസ്ത്രക്രിയ ക്യാമ്പ്



കോട്ടപ്പുറം ഇൻഗ്രേറ്റഡ് ഡെവലപ്പ്മെന്റ് സൊസൈറ്റി (കിഡ്സ്), ആനാപുഴ കിഡ്സ് ഫെഡറേഷൻ, ദി ഐ ഫൗണ്ടേഷൻ സൂപ്പർ സ്പെഷ്യാലിറ്റി ഐ ഹോസ്പിറ്റൽ ഇടപ്പിള്ളി വിദ്യാർത്ഥദായിനി സഭ പാലിയം തുരുത്ത് എന്നിവർ സംയുക്തമായി സംഘടിപ്പിച്ച സൗജന്യ നേത്ര പരിശോധന തിമിര ശസ്ത്രക്രിയ ക്യാമ്പ് 2024 നവംബർ 14-ാം തീയതി വ്യാഴാഴ്ച രാവിലെ 9 മണിക്ക് വിദ്യാർത്ഥദായനി സഭ ഓഡിറ്റോറിയത്തിൽ വെച്ചു നടന്നു. ക്യാമ്പ് കൊടുങ്ങല്ലൂർ മുൻസിപ്പാലിറ്റി വൈസ് ചെയർമാൻ അഡ്വക്കേറ്റ് വി എസ് ദിനാൽ ഉദ്ഘാടനം നിർവ്വഹിച്ചു. കിഡ്സ് ഡയറക്ടർ റവ. ഫാ. പോൾ തോമസ് കളത്തിൽ മുഖ്യാതിഥിയായിരുന്നു.

## പകുതി വിലയിൽ സ്ത്രീകൾക്ക് രണ്ടാംഘട്ട ഇരുചക്രവാഹന വിതരണം



വനിതകൾക്ക് 50% വരെ സാമ്പത്തിക സഹായത്തോടെ നൽകുന്ന രണ്ടാംഘട്ട ഇരുചക്ര വാഹന വിതരണം 'Women on Wheels Programme' 2024 നവംബർ 19-ാം തിയിതി കിഡ്സ് ക്യാമ്പസിൽ വെച്ച് നടത്തി. പരിപാടിയുടെ ഉദ്ഘാടനം പുത്തൻ വേലിക്കര ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി റോസി ജോഷി നിർവ്വഹിച്ചു.

## മുനമ്പത്തിന് ഐക്യദാർഢ്യം




മുനമ്പം സമരത്തിന് ഐക്യദാർഢ്യം പ്രഖ്യാപിച്ചു കൊണ്ട് കോട്ടപ്പുറം സെന്റ് മൈക്കിൾസ് കത്തീഡ്രലിൽ നടത്തിയ റാലി കത്തീഡ്രൽ വികാരി ഫാ. ജാക്സൻ വലിയപറമ്പിൽ ഉദ്ഘാടനം ചെയ്തു.

## നേത്ര പരിശോധന ക്യാമ്പ്



എറണാകുളം ജനറൽ ആശുപത്രിയിലെ സഞ്ചരിക്കുന്ന നേത്ര വിഭാഗത്തിന്റെ സഹകരണത്തോടെ പള്ളിപ്പുറം സെന്റ് മേരീസ് ഹൈസ്ക്കൂൾ വിദ്യാർത്ഥികൾക്കായി നടത്തിയ നേത്ര പരിശോധന ക്യാമ്പ്.



മഹത്വവും ആനന്ദവും സന്തോഷവും ആഹ്ലാദത്തിന്റെ മകുടവുമാണ് കർത്താവിനോടുള്ള ഭക്തി.
പ്രഭാ. 1:11

# ജനജാഗരം നടത്തപ്പെട്ട ദൈവാലയങ്ങൾ


ചാത്തനാട്


ചെറായി


ചെട്ടിക്കാട്


കൊത്തലങ്കോ


എറിയാട് ഫാത്തിമ മാതാ


കോട്ടപ്പുറം


കുറ്റിക്കാട്


മുനമ്പം



പീച്ചി


സമ്പാളൂർ


വി.പി. തുരുത്ത്, ഗോതുരുത്ത്


വെറ്റിലപ്പാറ

## വിദ്യാർത്ഥികൾ ലഹരി വിരുദ്ധ റാലി നടത്തി.




പള്ളിപ്പുറം സെന്റ് മേരീസ് ഹൈസ്ക്കൂളിലെ സ്കൗട്ട് ആന്റ് ഗൈഡ് വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ ലഹരി വിരുദ്ധ റാലി നടത്തി.

## മുനമ്പത്തിന് പിന്തുണയുമായി സി.എസ്.എസ്




ക്രിസ്ത്യൻ സർവീസ് സൊസൈറ്റി (സി.എസ്.എസ്) സംസ്ഥാനക്കമ്മറ്റിയുടെ ആഭിമുഖ്യത്തിൽ മുനമ്പം നിവാസികളുടെ ഭൂമിസംരക്ഷണ നിരാഹാര സമരത്തിന് പിന്തുണയുമായി ഐക്യദാർഢ്യ റാലി നടത്തപ്പെട്ടു.

## സാൻജോ മീറ്റ്



കോട്ടപ്പുറം രൂപതയിലെ ദമ്പതികൾക്കുവേണ്ടി നടത്തുന്ന സാൻജോ മീറ്റ് (ട്രെയിനിങ് പ്രോഗ്രാം) പള്ളിപ്പുറം മഞ്ഞുമാതാ ബസിലിക്ക, കുരിശിങ്കൽ ലൂർദ് മാതാ ദൈവാലയം, ഗോതുരുത്ത് സെന്റ് സെബാസ്റ്റ്യൻ ദൈവാലയം, മതിലകം സെന്റ് ജോസഫ് ദൈവാലയം എന്നിവിടങ്ങളിൽ നടത്തപ്പെട്ടു.

## റവ. ഫാ. ഓസി കളത്തിൽ അനുസ്മരണവും ഓസി കളത്തിൽ അവാർഡ് വിതരണവും നടത്തി.

പത്രാധിപരും എഴുത്തുകാരനും പ്രഭാഷകനുമായിരുന്ന ഫാ. ഓസി കളത്തിൽ ഒസിഡിയുടെ അഞ്ചാം ചരമവാർഷികത്തോനുബന്ധിച്ച് ഗോതുരുത്ത് ഗ്രാമീണ വായനശാല സംഘടിപ്പിച്ച ഓസി കളത്തിൽ അവാർഡ് ഷെവലിയർ ഡോ. പ്രീമുസ് പെരിഞ്ചേരി വിതരണം ചെയ്തു. അനുസ്മരണം പ്രൊവിൻഷ്യാൾ ഡോ. ഫാ. അഗസ്റ്റിൻ മുല്ലൂർ ഒസിഡി നിർവ്വഹിച്ചു.







# പൊളിച്ചെഴുതണം വഖഫ് നിയമങ്ങൾ

**ഫാ. ജോസഫ് കുന്നത്തൂർ**

**ക**ഴിഞ്ഞ ലക്കത്തിലെ പിൻമൊഴിയുടെ തുടർച്ചയാണിത്. എങ്കിലും അടിസ്ഥാനപരമായി വ്യത്യാസമുണ്ട്. കഴിഞ്ഞ ലക്കത്തിൽ വഖഫ് ബോർഡിന്റെ അവകാശവാദത്തെ തുടർന്ന് പ്രതിസന്ധിയിലായ മുനമ്പത്തെ ജനങ്ങളുടെ പോരാട്ടത്തെ പിന്തുണക്കുന്നതിനുവേണ്ടിയാണ് എഴുതിയത്. അതായത് വഖഫ് ബോർഡിന്റെ അവകാശവാദം തെറ്റാണെന്നും തലമുറകളായി അവിടെ ജീവിക്കുന്ന ജനങ്ങളുടെ മേലുള്ള വഖഫ് അധിനിവേശമാണെന്നും ആ പ്രദേശം യാതൊരു കാരണവശാലും വഖഫിന്റെ കീഴിൽ വരുന്നതല്ല എന്നുമാണ് പറഞ്ഞുവെച്ചത്.

വഖഫ് നിയമത്തിലെ നിലവിലുള്ള വ്യവസ്ഥകൾ തന്നെ ഭരണഘടന വിരുദ്ധവും അസംബന്ധവും ആണെന്ന് പറയേണ്ടിയിരിക്കുന്നു. അതുകൊണ്ട് തന്നെ ഭരണഘടന വിരുദ്ധമായ വ്യവസ്ഥകളും ജനാധിപത്യത്തിന് ഭൂഷണമല്ലാത്ത ചില നിയമങ്ങളും അടിയന്തിരമായി ഭേദഗതി ചെയ്യേണ്ടിയിരിക്കുന്നു. കേന്ദ്ര ഗവൺമെന്റ് നിയമഭേദഗതികൾ കൊണ്ടുവരുവാൻ തയ്യാറെടുക്കുന്നു എന്നാണ് മനസ്സിലാക്കുന്നത്. എന്നാൽ ജനവിരുദ്ധവും ഭരണഘടന വിരുദ്ധവുമായ വഖഫ് നിയമത്തിൽ ഭേദഗതികൾ കൊണ്ടുവരുവാനുള്ള കേന്ദ്ര ഗവൺമെന്റിന്റെ നടപടികൾക്കെതിരെ കേരള നിയമസഭയിൽ ഭരണപക്ഷവും പ്രതിപക്ഷവും ഒന്നിച്ചു നിന്നുകൊണ്ട് പ്രമേയം പാസാക്കി എന്നത് കേരളത്തിലെ വിവിധ ജനവിഭാഗങ്ങളോടുള്ള ഒരു വെല്ലുവിളിയാണ്. മുസ്ലിം പ്രീണനത്തിനുവേണ്ടി ഒരു നിയമസഭ ഇത്ര മാത്രം തരംതാഴ്മോ എന്ന ചോദ്യം അവശേഷിക്കുന്നു.

1954 ൽ ആണ് സ്വതന്ത്ര ഭാരതത്തിൽ ആദ്യമായി വഖഫ് നിയമം പാർലമെന്റ് പാസാക്കിയത്. വഖഫ് ഭൂമി നഷ്ടപ്പെട്ടുപോകാതിരിക്കുവാനും അന്യാധീനപ്പെട്ടവ തിരിച്ചുപിടിക്കുവാനും അങ്ങനെ മുസ്ലിം ജനവിഭാഗത്തിന്റെ മതപരവും സാമൂഹിക പരവുമായ പ്രവർത്തനങ്ങളെ സഹായിക്കുന്നതിനുവേണ്ടിയാണ് കോൺഗ്രസ് ഗവൺമെന്റ് ഈ നിയമം കൊണ്ടുവന്നത്. 1995 ലും 2013 ലും കേന്ദ്ര ഗവൺമെന്റ് കൊണ്ടുവന്ന നിയമഭേദഗതികൾ ഈ നിയമങ്ങൾക്ക് പല്ലും നഖവും നൽകി. മുസ്ലിം ജനവിഭാഗതർക്കം ഉണ്ടായാൽ തീർപ്പുകൽപ്പിക്കേണ്ടത് വഖഫ് ട്രിബ്യൂണൽ ആണ്. വീണ്ടും അപ്പീൽ പോകേണ്ടതും ഇതേ ട്രിബ്യൂണലിൽ തന്നെ. മാത്രമല്ല ട്രിബ്യൂണലിന്റെ വിധികൾ സിവിൽ കോടതികളുടെ വിധികൾക്ക് സമാനമാക്കി മാറ്റുകയും ചെയ്തു. ട്രിബ്യൂണലിന്റെ കൽപ്പനകൾ നടപ്പിലാക്കി കൊടുക്കേണ്ട ഉത്തരവാദിത്വം സിവിൽ കോടതികൾക്കും സിവിൽ സംവിധാനങ്ങൾക്കും നൽകി. സ്റ്റേറ്റ് ഗവൺമെന്റുകൾക്ക് ട്രിബ്യൂണലിന്റെമേൽ അധികാരമില്ല. ഈ നിയമ ഭേദഗതികളിലൂടെ സിവിൽ കോടതികളെയും സിവിൽ സംവിധാ




നങ്ങളെയും വഖഫ് ട്രിബ്യൂണൽ തീരുമാനങ്ങൾ നടപ്പിലാക്കുന്ന ദാസികളാക്കി മാറ്റിയിരിക്കുന്നു.

വളരെ അസാധാരണമായ ഒരു വകുപ്പ് കൂടി ഈ വഖഫ് നിയമത്തിൽ കൂട്ടിച്ചേർക്കപ്പെട്ടു. അതായത് ഏതൊരു നിയമത്തെയും ഈ നിയമത്തിന് മറികടക്കാൻ കഴിയും. അങ്ങനെ വന്നാൽ നമ്മുടെ ഭരണഘടനയും ഗവൺമെന്റ് വക ട്രിബ്യൂണലിന് കീഴിലാണെന്ന് വരും. ഇസ്ലാമിക രാജ്യങ്ങളിൽ പോലും കാണാത്ത ഒരു നിയമവ്യവസ്ഥ. മുസ്ലിം പ്രീണനത്തിനുവേണ്ടി കൊണ്ടുവന്ന ഈ നിയമങ്ങൾ ഇന്ത്യൻ ജനാധിപത്യത്തിനും ഭരണഘടനയ്ക്കും നേരെ പല്ലിളിച്ചു കാണിക്കുന്നു. ഇവിടെ നീതിവ്യവസ്ഥകളും ഭരണഘടനയും വെല്ലുവിളിക്കപ്പെട്ടിരിക്കുന്നു. ഇന്ത്യൻ ജനാധിപത്യത്തിനും ഭരണഘടനയ്ക്കും വിരുദ്ധമായ അനീതി നിറഞ്ഞ ഈ വകുപ്പുകൾ പുതിയൊരു നിയമ ഭേദഗതിയിലൂടെ എത്രയും വേഗം പൊളിച്ചടത്തേണ്ടിയിരിക്കുന്നു. ■

## പിതാവിന്റെ ഡയറി –ഡിസംബർ 2024

| | | | |
|---|---|---|---|
| 01\|12\|24 | Sunday | 3.00 pm | KLCA , Merit evening, Vikas, Kottapuram |
| 02\|12\|24 | Monday | 4.00 pm | Blessing of Karunya bhavanam, Koottukad |
| 03\|12\|24 | Tuesday | 5.00 pm | Mass @ St.Ambrose church, Edavanakad |
| 04\|12\|24 | Wednesday | | KCBC, POC |
| 05\|12\|24 | Thursday | | KCBC, POC |
| 06\|12\|24 | Friday | | KCBC, POC |
| 07\|12\|24 | Saturday | 5.00 pm | Mass @ St. Xavier's church, Kunjithai |
| 08\|12\|24 | Sunday | 9.00 am | Mass @ St. Xavier's church, Sampaloor |
| 09\|12\|24 | Monday | 5.00 pm | Sanjo meet, Bishop's house |
| 15\|12\|24 | Sunday | 11.00 am | Jubilee couples- family apostolate, Cathedral |
| 19\|12\|24 | Thursday | 9.00 am | Christmas celebration of priests, Cathedral |
| 21\|12\|24 | Saturday | 9.30 am | St. Thomas church, Thuruthur |
| | | 5.00 pm | Carnival inauguration, Mathilakam |
| 22\|12\|24 | Sunday | 2.00 pm | Christmas celebration of catechism department, VIKAS |
| | | 6.30 pm | St. George church, Arasupuram |
| 26\|12\|24 | Thursday | 10.00 am | Mass @ St. George church(pandipilli achan), Madaplathuruth |
| 28\|12\|24 | Saturday | 9.30 am | Mass @ St. Philomina's church, Koonammavu |
| 29\|12\|24 | Sunday | 9.30 am | Mass @ Holy family church, Chalakudy |
| 30\|12\|24 | Monday | | Mannanm |



നിന്റെ ദൈവവും കർത്താവുമായ ഞാൻ നിന്റെ വലത്തുകൈ പിടിച്ചിരിക്കുന്നു. ഞാനാണു പറയുന്നത്, ഭയപ്പെടേണ്ടാ. ഞാൻ നിന്നെ സഹായിക്കും.
ഏശയ്യാ 41:13

സെൻ്റ് ജോസഫ്സ് റോമൻ കത്തോലിക്കാ
ദേവാലയം ഒരുക്കുന്ന

Muziris X'MAS CARNIVAL 2024

MUZIRIS X'MAS CARNIVAL

# മുസിരിസ്

## ക്രിസ്തുമസ് കാർണിവൽ 2024

**2024 ഡിസംബർ 21 മുതൽ ഡിസംബർ 29 വരെ**

**ഉച്ചക്ക് 3 മുതൽ രാത്രി 10 വരെ**

**മതിലകം സെൻ്റ് ജോസഫ്സ് ഹയർ സെക്കൻ്ററി സ്കൂളിൽ**

കുട്ടികൾക്കായി
പ്രത്യേക പാർക്ക്

ക്രിസ്തുമസ് വില്ലേജ് | അമ്യൂസ്മെൻ്റ് പാർക്ക്
മെഗാ സ്റ്റാർ നൈറ്റ് | സംഗീത നിശ | പെറ്റ് ഷോ
സാംസ്കാരിക സമ്മേളനം | മാപ്പിള കലാമേള
നാടൻ കലാമേള | വിപണന മേള
സ്കൂൾ വിദ്യാർത്ഥികൾക്കായി കലാ മത്സരങ്ങൾ



CONTACT:
**9744088889, 7736057234**



ചരിത്രപ്രസിദ്ധമായ

## തുരുത്തൂർ സീനായ്മൗണ്ട്

തീർത്ഥാടന കേന്ദ്രത്തിൽ

## വി. തോമാശ്ലീഹായുടെ

## ദിവ്യകാരുണ്യ

## കൊമ്പ്രേരിയ

# തിരുനാൾ

**2024 ഡിസംബർ 16 മുതൽ 21 വരെ**

### ജീവിത നവീകരണ ധ്യാനം

ഡിസംബർ 3,4,5
(ചൊവ്വ, ബുധൻ, വ്യാഴം)

### നവനാൾ ദിനങ്ങൾ

ഡിസംബർ 6 മുതൽ 14 വരെ

### ആരാധനാ ദിനം

ഡിസംബർ 15 ഞായർ

### കൊടികയറ്റം

ഡിസംബർ 16 തിങ്കൾ

### തിരുനാൾ ദിനം

ഡിസംബർ 21 ശനി

### എട്ടാമിടം

ഡിസംബർ 27,28
തീയതികളിൽ